# “അയാൾ”

ഇ. മുഹമ്മതു് അബ്ദുസ്സലാം, I B. A.

അയാൾ ശബ്ദമുണ്ടാക്കാതെ ഗേററ് തുറന്നു പുറത്തുകടന്നു. തിരിഞ്ഞുനോക്കി. ഇല്ല, ആരും തന്നെ കണ്ടിട്ടില്ലെന്നു തോന്നുന്നു. സമാധാനമായി.

മുമ്പിൽ ഇരുവശത്തേക്കും നീണ്ടുകിടക്കുന്ന പാത. രണ്ടുവശത്തും പന്തലിച്ചുനില്ക്കുന്ന മരച്ചില്ലകൾ. അവക്കിടയിലൂടെ ഊൎന്നിറങ്ങി നിരത്തിൽ പൊൻപതക്കങ്ങൾ വാരിയെറിഞ്ഞു ഒളിച്ചുകളിക്കുന്ന വിളറിയ നിലാവു്.

അയാൾ അതൊന്നും ശ്രദ്ധിച്ചില്ല. നേരേ കാൽ വലിച്ചു കിഴക്കോട്ടു നടന്നു. വെള്ളകീറുന്നതിന്നുമുമ്പേ ലക്ഷ്യം പ്രാപിക്കണം.

അടുത്തുള്ള പൊന്തക്കാട്ടിൽനിന്നും ഒരു കാട്ടുകോഴി കൂവി. പ്രഭാതം അടുത്തെത്തി. അയാൾക്കു ധൃതിയായി. വൈകിയാൽ ആപത്താണു്. നേരം വെളുത്താൽ അവർ തന്നെ പിടികൂടും.

അയാൾ ഭയപ്പെട്ടു. പ്രഭാതത്തെയും അവരെയും. എത്ര രാത്രികൾ ഉറങ്ങാതെ ഇതിന്നായി കഴിച്ചുകൂട്ടി, ഇന്നേ തരപ്പെട്ടുള്ളു. അങ്ങനെ ക്ലേശിച്ചുകിട്ടിയ സ്വാതന്ത്ര്യം നിരുപാധികം തിരിച്ചുകൊടുക്കാൻ വയ്യ.

അയാൾ ശ്രദ്ധിച്ചു: പ്രകൃതി ഉറങ്ങിക്കിടക്കുന്നു. അങ്ങകലെ കൎഷകക്കുടിലുകളിൽ വിളക്കുകൾ മുനിഞ്ഞു കത്തുന്നു. അവർ ഉണൎന്നുകാണും.

അയാൾ ഓൎത്തു: ശൂന്യമായ വയലുകൾ ഇപ്പോൾ സജീവമാകും. ജീവിതം വീണ്ടും ആരംഭിക്കുന്നു.

തണുപ്പിൽ അയാളുടെ താടികൾ കൂട്ടിയടിച്ചു. എണ്ണയില്ലാത്ത മുടി കാററിൽ പാറിക്കളിച്ചു. മുഷിഞ്ഞുകീറിയ വസ്ത്രഭാഗങ്ങൾ അയാളോടൊട്ടിച്ചേൎന്നു. തണുപ്പുള്ള രാത്രികളിൽ പുതപ്പിന്നുള്ളിൽ ചുരുണ്ടുകൂടുക എത്ര സുഖകരമാണു്: അയാൾ ഓൎമ്മിക്കാൻ ശ്രമിച്ചു.

വിറങ്ങലിച്ച കാലുകൾ അതിവേഗം പൊങ്ങിയുയൎന്നു. അയാൾക്കു ബോദ്ധ്യമായി: താൻ ലക്ഷ്യം പ്രാപിച്ചിരിക്കുന്നു.

അയാളുടെ കണ്ണുകൾ തിളങ്ങി. ആപാദചൂഡം വിറച്ചു. പ്രതീക്ഷിച്ചതു്, അല്ല; ആഗ്രഹിച്ചതു കണ്ടെത്തിയിരിക്കുന്നു.

നരക്കാൻ തുടങ്ങിയ തലമുടിയും അഴിഞ്ഞുവീണ മാൎവ്വിടവുമുള്ള ആ സ്ത്രീ അയാളെ തുറിച്ചുനോക്കി, പരിഭ്രമിച്ചു. ഭയപ്പെട്ടു. രണ്ടടി പിന്നോക്കംമാറി സ്വയം പിറുത്തു: “ഭ്രാന്തൻ.”

അയാൾ അത്ഭുതപ്പെട്ടു: “എന്തു്! തന്റെ അമ്മ! അവർ തന്നെ തിരിച്ചറിഞ്ഞിട്ടില്ല. ഓ! വൎഷങ്ങൾ കഴിഞ്ഞുകാണുകയല്ലേ. പറഞ്ഞാൽ അറിയും. അയാൾ അവരുടെനേരെ നടന്നടുത്തു.

ജനം അവരെ വളഞ്ഞു. അയാൾ ആ സ്ത്രീയെ ചൂണ്ടി അവരോടു പറഞ്ഞു: “ഇവർ എന്റെ അമ്മയാണു്.”

ആ സ്ത്രീ ഞെട്ടിത്തിരിഞ്ഞു. ജനം പൊട്ടിച്ചിരിച്ചു; പരിഹസിച്ചു: “ഭ്രാന്തൻ.”

അയാൾ വീണ്ടും നടന്നു; പ്രതീക്ഷയോടെ. അയാൾക്കു വേദനതോന്നി. ഒരുപക്ഷെ തനിക്കു തെററിയിരിക്കും; അയാൾ സമാധാനിക്കാൻ ശ്രമിച്ചു.

തന്റെനേരെ നടന്നടുക്കുന്ന രൂപത്തെ അയാൾ കണ്ടു. അയാൾക്കു മനസ്സിലായി. ഇടവകയിലെ വികാരി.

അയാൾ ചിരിക്കാൻ ശ്രമിച്ചു . . . . വിഫലമായ ശ്രമം.

ആ രൂപം അയാളെ ശ്രദ്ധിച്ചു; നിന്നിമേഷനായി. നെററിയിൽ ചുളിവുകൾവീണു; എന്തോഓർക്കാൻ ശ്രമിച്ചു; പുഞ്ചിരിച്ചു്: സംശയത്തോടെ.

അയാൾ പിറുപിറുത്തു: "എന്റെ അമ്മ"

ആ രൂപം നെഞ്ചിൽ കുരിശുവരച്ചു. നിശ്വസിച്ചു. മെല്ലെ മൊഴിഞ്ഞു: "മരിച്ചുപോയി."

അയാളുടെ വായ്് പിളന്നില്ല. കണ്ണുകൾ സജലങ്ങളായില്ല. അയാൾ കരഞ്ഞില്ല. ഒരേ നില്പ്്.

അയാൾ ചുററും നോക്കി. പ്രകാശം പരന്നിരിക്കുന്നു. പള്ളിമണികൾ തുടരെ അടിക്കുന്നു.

അയാൾ അവരെ കണ്ടു. കാക്കിവേഷവും ചുവന്ന വരയുള്ള തൊപ്പിയുമുള്ള അവരെ അയാൾക്കു സന്തോഷമായി.

അയാൾ കൈനീട്ടി. അവർ വിലങ്ങുവച്ചു. അവരുടെ മദ്ധ്യത്തിലായി അയാൾ നടക്കാൻ തുടങ്ങി.

നരക്കാൻതുടങ്ങിയ മുടിയുള്ള ആ സ്ത്രീ അയാളെ ചോദ്യരൂപത്തിൽ നോക്കുന്നു. അവർ പറഞ്ഞു: "ഭ്രാന്തനാണ്്. അമ്മ മരിച്ചപ്പോൾ ഭ്രാന്തായി. ഇപ്പോഴും അമ്മയെ കാണണമെന്നു പറഞ്ഞു ശാഠ്യം പിടിക്കുന്നു."

അയാൾക്കു മനസ്സിലായി: താൻ ഭ്രാന്തനാണ്്; തന്റെ അമ്മ മരിച്ചിരിക്കുന്നു.

അയാൾ ആ സ്ത്രീയെ നോക്കി. അവർ തന്നെ സഹതാപപൂർവ്വം വീക്ഷിക്കുന്നു.

അയാൾ ആത്മഗതംചെയ്തു: "എനിക്കു ഭ്രാന്തില്ല."

അപ്പോൾ വെളിച്ചം കടക്കാത്ത ഒരു ഇരുണ്ട മുറി അയാൾ മനസ്സിൽ സങ്കല്പിക്കാൻ ശ്രമിക്കയായിരുന്നു.

# ഇക്കാക്ക

നെബീസ, വി. I B. Sc. (Physics)

ലാസ്റ്റ് പിരിയഡ് ക്ലാസില്ല. ഇപ്പോഴും നല്ല വെയിലുണ്ട്. വീട്ടിലേക്ക് ഇപ്പോൾതന്നെ പോവണോ? വേണ്ട ഇവിടെ ഇരിക്കേണ്ട. വീട്ടിൽ തന്നെ പോവാം. പടി കടന്നപ്പോൾ പതിവുപോലെ ഉമ്മ പോർട്ടിക്കോയിൽ എന്നെ കാത്തിരിക്കുന്നുണ്ട്. എപ്പോഴും ഇതാണ് പതിവ്. ഉച്ചയൂണ് കഴിഞ്ഞാൽ ഒരുറക്കവുംകഴിഞ്ഞ് എന്നെ കാത്തിരിപ്പായി. വീട്ടിലെത്തിയപ്പോഴേക്കും വിയർത്തുകുളിച്ചിരുന്നു.

"എന്താ മോളെ നേരത്തെ വന്നത്?"

ലാസ്റ്റ്പിരിയഡ് ക്ലാസില്ലായിരുന്നു. അപ്പഴ് ഇങ്ങോട്ട് വന്നു. "എന്തൊരു വെയിലാണ് മോളെ, ആ സാരിയൊക്കെ വേഗം മാററിവാ. ഞാൻ കാപ്പിയുണ്ടാക്കട്ടെ."

കാപ്പി കുടിച്ചുകഴിഞ്ഞപ്പോഴേക്കും ആകെ വിയർത്തു. ഇങ്ങിനെയുമുണ്ടോ ഒരു ചൂട്? മേടമാസത്തിലെ ചൂട് മേട് ഉരുക്കുമെന്നാ പ്രമാണം. ഇപ്പോൾ മനുഷ്യരും ഉരുകിപ്പോവുമെന്നാ തോന്നുന്നത്?

ഓഫീസ്റൂമിൽ ചെന്നപ്പോൾ വീക്കിലി കിടക്കുന്നതുകണ്ടു. അതുമെടുത്തു പോർട്ടിക്കോയിലേക്കു വന്നു. ഹാ, നല്ല കാററുണ്ട്. ഇവിടെ ഇരിക്കയാണു നല്ലത്. കാററുംകൊണ്ടു വായിക്കാം.

അല്ല, അടുത്ത വീട്ടിലെ സബിദയുടെ ഉമ്മ എന്താണ് ഇത്ര തിടുക്കത്തിൽ അങ്ങോട്ടുമിങ്ങോട്ടു മോടുന്നത്? ജോലിത്തിരക്കായിരിക്കും. അതാണ് ഇങ്ങോട്ട് നോക്കാത്തത്. ഇങ്ങോട്ടൊന്നു നോക്കിയാൽ എന്താണെന്നു ചോദിക്കാമായിരുന്നു. അതാ സബിദ വരുന്നു. ചിരിച്ചുംകൊണ്ടാണ് വരുന്നത്. എന്താണാവോ ഇങ്ങനെ ചിരിക്കാൻ കാരണം. ചോദിച്ചുകളയാം.

എന്താ സബിദയുടെ ഉമ്മക്ക് ഇത്ര ജോലിത്തിരക്ക്. നീ ഇപ്പോൾ ചിരിച്ചുകൊണ്ടുവന്നതിനു കാരണം?

അല്ല! ഷീജ അറിഞ്ഞില്ലേ?

എന്ത്?

"എന്റെ ഇക്കാക്ക വന്നിരിക്കുന്നു പേർഷ്യയിൽനിന്ന്. കൂടെ രണ്ടുമൂന്നു ഫ്രണ്ട്സുമുണ്ട്. അതാണവിടെ ഇത്ര ബഹളം. ഞാൻ പോകട്ടെ. എവിടെ നിന്റെ ഉമ്മ?

"ഓ, ഇക്കാക്ക വന്നപ്പോഴേക്കും അവൾക്കു ഒരു നിമിഷം ഇവിടെ നില്ക്കാൻവയ്യ. ഉം വേഗം പൊയ്ക്കോളൂ. ഉമ്മ അപ്പുറത്തുണ്ടായിരിക്കും."

സബിദയുടെ ഇക്കാക്ക പേഷ്യയിൽനിന്നും വന്നിരിക്കുന്നുവത്രെ. പലതും കൊണ്ടുവന്നിട്ടുണ്ടെന്നു പറഞ്ഞു. ഓ, അവൾ ഭാഗ്യവതി! എനിക്കും ഉണ്ടാവുമായിരുന്നു ആ ഭാഗ്യം. പക്ഷെ . . . എന്റെ ഇക്ക വിധിയുടെ കരാളഹസ്തത്തിനു വിധേയനായിപ്പോയി . . . .

ഓ എന്റെ ഇക്കാ! നിങ്ങൾ ഇപ്പോഴും ജീവിച്ചിരുന്നുവെങ്കിൽ എന്തുമാത്രം ആനന്ദമായിരുന്നു നമ്മുടെ ജീവിതം!

ഓർക്കാതിരിക്കയാണ് ഭേദം. പക്ഷെ ഓർക്കാതിരിക്കുന്നതെങ്ങിനെ? മറക്കാൻ ശ്രമിക്കുന്തോറും ഓർമ്മയുടെ ചുരുളുകൾ ഓരോന്നായി നിവർന്നുവരുന്നു. ചെറിയ ക്ലാസിൽ പഠിക്കുന്ന സമയത്ത്

ഞാൻ ക്ലാസ്സിൽ ഒന്നാമതായി പാസ്സായിരുന്നു. അപ്പോഴെല്ലാം ഇക്കാ ഉമ്മയോടു പറയുന്നതു കേൾക്കാം "അവളെ പഠിപ്പിച്ചു് ഒരു ലക്ചറാക്കണം" എന്നു്. അപ്പോൾ ഉമ്മ പറയുന്നതു കേൾക്കാം "ഇരിക്കുന്നതിനുമുമ്പെ കാലുനീട്ടരുതു് അപ്പോഴത്തെ തരംപോലെ ഒക്കെ ചെയ്യാം".

ഫിഫ്ത്തിൽ പഠിക്കുമ്പോൾ പഠിപ്പിൽ എനിക്കു ഫസ്റ്റ്പ്രൈസ് കിട്ടി. മിന്നിത്തിളങ്ങുന്ന ഒരു ജാപ്പാൻ പൈലററ്പേന! അക്കൊല്ലംതന്നെ ആയിരുന്നു ഇക്കയുടെ S.S.L.C റിസൽട്ടു് അറിഞ്ഞതും. ഫസ്റ്റ്ക്ലാസോടുകൂടിയായിരുന്നു ജയം. അതുകൊണ്ടു് എന്റെ പേന ഇക്കാക്കു സമ്മാനിച്ചു. അതു വാങ്ങിക്കൊണ്ടു നിറഞ്ഞ കണ്ണുകളുമായി നില്ക്കുന്ന ഇക്കാക്കയെ കണ്ടപ്പോൾ ആകെ അമ്പരന്നുപോയി.

"എന്തിനാ കരയുന്നതു്?"

"ഒന്നുമില്ല. ഈ പെന്നു് നിനക്കുതന്നെ ഉപയോഗിക്കാം. എന്റെ വിദ്യാഭ്യാസകാലം കഴിഞ്ഞു. ഇനി നിന്നേയും ഉമ്മയേയും സംരക്ഷിക്കേണ്ട ചുമതലയാണു് എനിക്കുള്ളതു്. നിങ്ങളെ എന്നിൽ ഏല്പിച്ചിട്ടല്ലേ ഉപ്പ എന്നെന്നേക്കുമായി യാത്രപറഞ്ഞതു്.... അതുകൊണ്ടു് അതു നീ തന്നെ എടുത്തോളൂ.... ഈ പേനകൊണ്ടെഴുതിയിട്ടു നീ എല്ലാ പരീക്ഷയും പാസ്സാവണം."

കേട്ടപ്പോൾ സഹിക്കാൻ കഴിഞ്ഞില്ല.... കിടക്കയിൽ കിടന്നു കരഞ്ഞു. കരച്ചിൽകേട്ടു് ഉമ്മ വന്നു് അന്വേഷിച്ചു. തേങ്ങി തേങ്ങിക്കരയുന്നതിന്നിടക്കു പറഞ്ഞു "ഇക്കാക്കു്.... പെന്നു്കൊടുത്തിട്ടു് വാങ്ങിയില്ല....

ഉമ്മ പുറത്തേക്കുപോയി ശകാരിക്കുന്നതുകേട്ടു "എടാ എന്തിനാ ആ പെണ്ണിനെ കരയിക്കുന്നതു്? ആ പെന്നു് അങ്ങോട്ടു വാങ്ങുകയല്ലേ വേണ്ടു." ഇക്ക അകത്തേക്കുവന്നു പെന്നുവാങ്ങിച്ചു. ആ മുഖത്തു് സംതൃപ്തി കളിയാടുന്നതുകണ്ടു.

ഇക്കയുടെ അടുത്ത ശ്രമം ഒരു ജോലിക്കായിരുന്നു. പല ജോലിക്കും അപ്ലിക്കേഷൻ അയച്ചു. അമ്മാവന്മാരുടെയും ബന്ധുക്കളുടെയും അടുത്തു പോയി സഹായത്തിനഭ്യർത്ഥിച്ചു. ആരും കണ്ണുമിഴിച്ചില്ല. രണ്ടു കൊല്ലം കഴിഞ്ഞു. ഞാൻ എട്ടാം ക്ലാസിലേക്കു പാസ്സായി. അതോടെ ആവശ്യങ്ങൾ വർദ്ധിച്ചു. ഫീസു കൊടുക്കേണ്ടിവന്നു. അങ്ങിന നിരാശയായിരിക്കെ ഒരു ദിവസം പോസ്റ്റ്മേ പടി കടന്നു വരുന്നതുകണ്ടു് ഓടിപ്പോയി. ഒ റെജിസ്റ്റേഡ് ലെററർ ഉണ്ടു്. അഡ്രസ്സ് നോക്ക ഇക്കാക്കക്കാണു്. തുറന്നുനോക്കി. അതിലെഴുതിയ രിക്കുന്നു "You are appointed in the post of th L. D. Clerk." ഞാൻ ഓടിച്ചെന്നു് ഉമ്മയെ അ യിച്ചു. സന്തോഷംകൊണ്ടു തുള്ളിച്ചാടി. കുറച്ച കഴിഞ്ഞപ്പോൾ ഇക്കയും വന്നു വിവരമറിഞ്ഞ അന്നൊരു ഉത്സവദിനമായിട്ടാണെനിക്കു തോന്ന യതു്.

ദിവസങ്ങളും മാസങ്ങളും കഴിഞ്ഞു. ഞാ S.S.L.C. പാസ്സായി. എന്നെ കോളേജിൽ ചേർ പുതിയ ഉണർവ്വും ഉത്സാഹവും എന്നിൽ ക ആദ്യത്തേക്കാളും ആവശ്യങ്ങൾ വർദ്ധിച്ചു. സാ ബുക്കു്, എന്നുവേണ്ട സകലതും ആവശ്യമായ വരവു് ഒരു വഴിയിൽക്കൂടെയും ചിലവു് പലവ യിൽക്കൂടെയുമാവുമ്പോൾ പണത്തിനുള്ള പ്രയാസ നല്ലപോലെ എനിക്കറിയാം. അതുകൊ എന്താവശ്യമുണ്ടെങ്കിലും ഞാൻ ഉന്നയിക്കാറില്ല അതിന്റെ ആവശ്യമില്ലായിരുന്നു. കാരണം ഞാ പറയാതെതന്നെ ഒരു കോളേജിൽ പോവുന്ന ക ക്കുവേണ്ട സകലതും ഇക്കാ നിറവേററിയിരു ഒരു ദിവസം ഇക്കാക്കു് എന്തോ അത്യാവശ ത്തിനു പണം തികയാതെവന്നു. ആകെ പരി മിച്ചു ഞാൻ. ഊണുകഴിക്കാൻതന്ന കാശിൽനിന മിച്ചംവച്ചു കുറച്ചു രൂപയുണ്ടായിരുന്നു. ഓ ച്ചെന്നു് അതെടുത്തു കൊടുത്തു.

"ഇതെവിടുന്നാ നിനക്കു്?"

"ഞാൻ ഉണ്ടാക്കിയതാണു്."

കുറെനേരം ആലോചിച്ചശേഷം ഇക പറഞ്ഞു. "ഓ എനിക്കു മനസ്സിലായി ഷ ഊണു കഴിക്കാൻ തരുന്ന കാശിൽനിന്നും മിച്ച വെച്ചു അല്ലേ? അങ്ങനെ ചെയ്യേണ്ടായിരുന്നു."

"ഓ സാരമില്ല ഇക്കാ. അതെടുത്തുപയോ ക്കണം."

* * * * *

ദിവസങ്ങൾ മാസങ്ങൾക്കു വഴിമാറിക്കെ ടുത്തു. മാസങ്ങൾ കൊല്ലങ്ങൾക്കും. ഞാൻ ബി യ്ക്കു പഠിച്ചുകൊണ്ടിരുന്നു. ഒരു ദിവസം വായി

മ്പോൾ അടുത്ത മുറിയിൽനിന്നും ഉമ്മയും ഇക്കയും കൂടെ തർക്കിക്കുന്നതുകേട്ടു ചെവിയോർത്തു. ഇക്കയുടെ വിവാഹക്കാര്യമാണ് പറയുന്നതു്. ഉമ്മ പറയുന്നതുകേട്ടു “മോനെ നിനക്കു് വയസ്സ് പത്തിരുപത്തിരണ്ടായില്ലേ. നീ ഇനിയും ഇങ്ങനെ കഴിയാനാണോ ഭാവം? എനിക്കാണെങ്കിൽ വീട്ടിൽ വേറെ ആരുണ്ടു് ഒരു സഹായത്തിനു്. നീയൊരു കല്യാണം കഴിച്ചാൽ എനിക്കു സമാധാനമാകും” കേട്ടപ്പോൾ സന്തോഷംതോന്നി. എനിക്കു് ഒരു നാത്തൂൻ വരാൻപോകുന്നു. ഞാൻ തുള്ളിച്ചാടി. പക്ഷെ ആ സന്തോഷം ഞൊടിയിടക്കുള്ളിൽ മാറ്റേണ്ടിവന്നു.

“എനിക്കിപ്പോൾ കല്യാണമൊന്നും വേണ്ട. ഞാൻ ഇപ്പോൾ കല്യാണം കഴിച്ചാൽ ഷീജയുടെ പഠിപ്പു തകരാറിലാവും. അതുകൊണ്ടു് ഞങ്ങളുടെ രണ്ടുപേരുടേയും കല്യാണം ഒന്നിച്ചു കഴിച്ചാൽ മതി.” കേട്ടപ്പോൾ സങ്കടവും സന്തോഷവും ഒന്നിച്ചുവന്നു. “ഓ എന്റെ ഇക്കാക്ക.... ഈ പെങ്ങൾക്കുവേണ്ടിയാണോ ഇക്ക ജീവിക്കുന്നതു്! വിവാഹത്തിനുവേണ്ടി എന്തിനാണു് എന്നെ കാത്തിരിക്കുന്നതു്? സ്നേഹംകൊണ്ടു് ഈ പെങ്ങളെ വളർത്തുന്നതിന്നു് എന്തു തന്നാലാണു് മതിയാവുക?”

ബി. എ. പാസ്സായി. ഫസ്റ്റ്ക്ലാസ്സോടുകൂടെ. എം. എ. ക്കു ചേർന്നു. സ്വതവേ ശരീരശേഷി ഇല്ലാത്ത ഇക്ക ഓവർടൈം ജോലിചെയ്തു തീരെ ശോഷിച്ചുപോയി. ഉമ്മ കുറെ തടസ്സം പറഞ്ഞു നോക്കി. പക്ഷെ ആ ദൃഢനിശ്ചയത്തിന്റെമുമ്പിൽ ഉമ്മ തലകുനിക്കേണ്ടിവന്നു. അഞ്ചാറു മാസം കഴിഞ്ഞു. ഇക്കാക്കു് ഇടക്കിടെ സുഖമില്ലാതെ ആയിക്കൊണ്ടിരുന്നു. ചികിത്സിച്ചു. കുറെ കഴിഞ്ഞപ്പോൾ അമ്പെ കിടപ്പിലായി. തന്റെ ഉയർച്ചയും ഇക്കാക്കയുടെ താഴ്ചയുമായിരുന്നുവോ അതു്? ഈ നിർഭാഗ്യവതിയായ ഒരു പെങ്ങൾക്കുവേണ്ടി ജീവിതം അർപ്പണംചെയ്തതായിരുന്നുവോ അതു്? എങ്കിൽ .... ഈ പെങ്ങളോടു ക്ഷമിക്കില്ലേ ....

എന്റെ പഠിപ്പു ഉപേക്ഷിച്ചും ഇക്കയുടെ ജീവൻ രക്ഷപ്പെടാൻവേണ്ടി ശുശ്രൂഷിക്കാൻ തയ്യാറായി. പക്ഷെ ആ കാര്യമറിഞ്ഞപ്പോൾ ഇക്കാക്ക പറഞ്ഞതു്....

“ഷീജേ നിന്നെ ഇതുവരെ പഠിപ്പിച്ചതു് നീ ഒരു ഉയർന്നനിലയിലെത്തിക്കാണാനായിരുന്നു. ഞാൻ ഏതായാലും ഇങ്ങിനെ ആയി. ഒരു ഗ്രാഡ്വറ്റ് ആകാനുള്ള ആഗ്രഹം എനിക്കുണ്ടായിരുന്നുവെങ്കിലും..... വിധി നേരെ വിപരീതമായാണു് പ്രവർത്തിച്ചതു്..... അതുകൊണ്ടു് നീ ഒരു ലെക്ചററായിട്ടു് കുട്ടികളെ പഠിപ്പിക്കുന്നതു കാണുവാൻ എനിക്കു് അതിയായ ആഗ്രഹമുണ്ടു്. എന്റെ ഈ ആഗ്രഹം സഫലമാക്കണം നീ. എന്നെ ശുശ്രൂഷിക്കാൻ വളരെയധികം സമയം ചിലവഴിക്കുന്നുണ്ടെന്നു് എനിക്കറിയാം. എനിക്കിപ്പോൾ പറയത്തക്ക സുഖക്കേടൊന്നുമില്ല.... അതുകൊണ്ടു പഠിപ്പു് തുടരണം. എന്റെ മോഹം സഫലമാക്കണം ....”

ഇക്ക പറഞ്ഞുതീരുംമുമ്പെതന്നെ ഞാൻ ഏങ്ങലടിച്ചു കരഞ്ഞുപോയി. ഇക്കാ .... എനിക്കുവേണ്ടി എന്തെല്ലാം കഷ്ടതകൾ സഹിച്ചു എന്നോർത്തപ്പോൾ കരച്ചിലടക്കാൻ കഴിഞ്ഞില്ല..... അവിടെനിന്നും ഓടി അപ്പുറത്തുചെന്നു കരഞ്ഞു. റബ്ബേ! എന്റെ ഇക്കയുടെ സുഖക്കേടു് മാറ്റിത്തരണേ! ഞങ്ങൾക്കു് ആണും തുണയുമായി ഒരു ഇക്കാക്ക മാത്രമെയുള്ളു. വേറെ ഒരു താങ്ങും തണലുമില്ല. റബ്ബേ! .... സുഖക്കേടു് മാറ്റിക്കൊടുക്കില്ലേ.....? എങ്കിൽ ....?

പിറ്റേദിവസം രാവിലെ ഉണർന്നപ്പോൾ സുഖക്കേടു അല്പമൊന്നു ഭേദമായി. മനസ്സിന്നു് അല്പമൊരു സമാധാനവും. ഞാൻ കോളേജിൽ പോകുവാൻ ഒരുങ്ങിനില്ക്കുമ്പോൾ ഇക്കാ വിളിക്കുന്നതുകേട്ടു ഓടിച്ചെന്നു. ഇന്നാ ബസ്ചാർജ്ജ് എന്നുപറഞ്ഞു എട്ടണ എടുത്തുതന്നു.

“എനിക്കു് ഉമ്മാ തന്നിട്ടുണ്ടു്.”

“നീ ഇതു കയ്യിൽവച്ചോ. ഇന്നു ഞാൻ തരാം. ഒരുപക്ഷെ .... എനിക്കു് ഇനി ....”

“ഇക്കാക്ക ഒന്നു മിണ്ടാതിരിക്കു .... ഇക്കാക്കക്കു് ഒന്നും വരില്ല .... ഞങ്ങൾക്കു വേറെ ആരും ഇല്ലെന്നു് അല്ലാഹുവിന്നറിയാം. ഇക്ക എന്നും ഞങ്ങളുടെകൂടെയുണ്ടാവും”

കണ്ണിൽ വെള്ളവുംനിറച്ചു കുറേനേരം എന്നെ നോക്കിയിട്ടു പറഞ്ഞു.

“ഇനി വേഗം പൊയ്ക്കോ. ബസ്സു പോവും.”

മനസ്സമാധാനമുണ്ടായിരുന്നില്ല. ബസ്സ്റ്റോപ്പിലേക്ക് നടക്കുമ്പോഴും ബസ്സിൽ കയറിയപ്പോഴും ഇക്കയെപ്പററിയുള്ള ഒരേഒരു ചിന്തയായിരുന്നു. സ്നേഹനിധിയായ ഇക്കാ .... എന്നോടു ക്ഷമിക്കണേ! .... എനിക്കുവേണ്ടി ഇക്കയുടെ ജീവിതം തീരെഴുതി.... ഇനി എനിക്കൊരു ജോലി കിട്ടി ഇക്കയെ സംരക്ഷിക്കുംമുമ്പ് .... ഹാവൂ അതോക്കാനുംകൂടി വയ്യ .... മനസ്സാകെ മഴക്കാറു മൂടി ഒരേഒരു ചിന്തയാൽ മരവിച്ചിരുന്നുപോയി. ബസ്സ് കോളേജ്ഗേററിൽ നിന്നതറിഞ്ഞില്ല.

'അല്ല എന്താ കരയുകയാണോ ? ഇറങ്ങുന്നില്ലേ?' എന്നു ലീല ചോദിച്ചപ്പോഴാണ് പരിസരബോധമുണ്ടായത്. ലേഡീസ്റൂമിൽ കടന്നപ്പോൾ ആകെ ഒരു ബഹളം. ഗെയിംസ്റൂമിൽ ചെന്നിരുന്നു. അപ്പോഴും മനസ്സിൽ പരിഭ്രമത്തിന്റെയും ഭീതിയുടെയും അലകളിടിച്ചുകൊണ്ടിരുന്നു. മനസ്സിൽ മൂടികെട്ടിനിന്നിരുന്ന കാർമേഘം ഒരു കൊടുങ്കാററിനും പേമാരിക്കും ഉള്ള കോളുകൂട്ടിയിരുന്നു. ഫസ്റ്റ്ബെല്ലടിച്ചു. ക്ലാസ്സിൽ സാറു വന്നു. അററൻറൻസ് എടുത്തു. സാറ് നേരെ ഷേക്സ്പിയറിന്റെ നാടകത്തിലേക്കു തിരിഞ്ഞു. എന്റെ മനസ്സ് രോഗവുമായി മല്ലിടുന്ന എന്റെ പ്രിയപ്പെട്ട ഇക്കയുടെ അടുത്തേക്കും ഓടി. റബ്ബേ! രോഗം ഭേദമാവുകയില്ലേ ....? ഇല്ലെങ്കിൽ....? അപകടമൊന്നും വരുത്തരുതേ .... മനസ്സാകെ ചൂടുപിടിച്ചുകഴിഞ്ഞു .... നടുക്കടലിൽക്കിടന്ന് പേമാരിയും കൊടുങ്കാററുംകൊണ്ട് അടിച്ചുപൊളിക്കുന്ന ഒരു കപ്പലിനെപ്പോലെ മനസ്സു കിടന്നു നീറി.... മനസ്സാകെ തീചൂളയിലിട്ട പ്രതീതി....

"വൈ ആർയു ക്രൈയിങ്ങ് മിസ്സ് ഷീജ?"

പെട്ടെന്ന് എല്ലാവരുടെയും ശ്രദ്ധ എന്നിലേക്കു തിരിഞ്ഞു.

"ഓ.... ഓ .... നത്തിങ്ങ് സാർ .... ഹെഡെയ്ക്ക് .... അപ്പോഴാണ് കയ്യിൽ സ്ലിപ്പുമായി അററൻറർ കടന്നുവന്നത്."

"ഹൂ ഈസ് നമ്പർ ഫോർ ?"

"എസ്, ഇററീസ് മി സേർ."

"യു ആർ ഇമ്മീഡിയററ്ലി വാണ്ടഡ് ബൈ എ റിലേററീവ്". കേൾക്കേണ്ട താമസം. നിറഞ്ഞു തുളുമ്പിയ നയനങ്ങളും വേദനാനിർഭരമായ മനസ്സുമായി അവിടെനിന്ന് ഓടി. ക്ലാസിൽ കുട്ടികൾ എന്തൊക്കെയൊ പറയുന്നത് കേൾക്കാമായിരുന്നു.

ബസ്സ്റ്റോപ്പിൽ പോയി.... ബസ്സു കണ്ടില്ല. നടന്നു.... ദൂരെനിന്നും ബസ്സു വരുന്ന ശബ്ദം .... കൈകാണിച്ചു നിറുത്തി. ബസ്സിനു വേഗത പോരെന്നുതോന്നി .... പകുതി എത്തിയപ്പോഴേക്കും ബസ്സു കേടുവന്നു. ഇറങ്ങി ഓടി. എതിരെവരുന്ന വാഹനങ്ങളൊന്നും കണക്കാക്കാതെ ഓടിത്തളർ... വീട്ടിലെത്തിയപ്പോൾ .... കണ്ടതു് .... ആളുകൾ കൂടിയിരിക്കുന്നു. ആരോ പറഞ്ഞു അതാ ഷീജ വരുന്നുണ്ട്. യാതൊന്നും ശ്രദ്ധിക്കാതെ നേരെ ഇക്കയുടെ റൂമിലേക്ക് ഓടി.... പെട്ടെന്നു ഷോ... ക്കേററതുപോലെ നിന്നു .... താൻ എന്താണ് കണ്ടതു്? .... വെള്ളവസ്ത്രത്താൽ ആവരണംചെയ്യപ്പെട്ട് ഇക്കാക്ക ഉറങ്ങുന്നു .... ഉറക്കം.... ഹൃദയത്തിന് ഒരു ഇടിമിന്നലേററു. അടുത്തു ചെന്നു മുഖത്തെ തുണി പൊന്തിച്ചുനോക്കി. ഒരി... ക്കലും ഉണരാത്ത ശാന്തമായ ഉറക്കം!

എന്റെ ഇക്കാ! .... ഞാൻ പിറകോട്ടു മ... ഞ്ഞു .... ആരോ എന്നെ താങ്ങി .... ബോധ... വന്നപ്പോൾ മയ്യത്ത് കുളിപ്പിക്കാനുള്ള സമ... മായി. ആ കാലിൽ കെട്ടിപ്പിടിച്ചു കരഞ്ഞു. "ഇക്കാ .... ഈ പെങ്ങൾക്കുവേണ്ടി ജീവിതം ബലികഴിച്ചു .... പഠിപ്പ് പൂർത്തിയായിക്ക... ഞ്ഞില്ല! ഇക്കായുടെ ആഗ്രഹം നിറവേറിയില്ല .... അതിനുമുമ്പെ ആരും ആശ്രയമില്ലാത്ത എന്നെയും പ്രിയപ്പെട്ട ഉമ്മയെയും തനിച്ചാക്കി നിങ്ങൾ .... എന്നെന്നേക്കുമായി വിടവാങ്ങി... ഇനി ആരുണ്ട് ആശ്രയം ഞങ്ങൾക്ക് .... അ... സാനസമയത്ത് ഈ പെങ്ങൾക്ക് ഒരു നോക്കു കാണുവാനോ എന്തെങ്കിലും പറയുവാനോ ഇ... കൈകൊണ്ട് ഒരുതുള്ളി വെള്ളംപോലും ക... ക്കാൻ തരാനോ സാധിക്കാതെ .... ഹാവൂ... ഞങ്ങളുടെ സങ്കടം ആരോടു പറയും .... ഇ... വിടവ് എവിടെവെച്ചു നികത്തും .... നി... ത്താൻ കഴിയുമൊ? ഇന്നു രാവിലെ കണ്ട സമ... ധാനം അണയാൻപോകുന്ന ദീപത്തിന്റെ ആളി... ക്കത്തൽ മാത്രമായിരുന്നോ? ....

അപ്പോൾ അമ്മായിയുടെ ശബ്ദം കേട്ടു... "എന്താണു ഷീജ ഇങ്ങിനെ കരയുന്നത് ? നി...

ങ്ങനെ കിടന്നു് നിലവിളിച്ചാൽ ഉമ്മയുടെ സ്ഥിതി എന്തായിരിയ്ക്കും? .... നിന്നെ ഇതുവരെ യാതൊരു അല്ലലും അറിയിക്കാതെ സന്തോഷത്തോടും സ്നേഹത്തോടുംകൂടി വളർത്തിയ ഇക്കയെ കരഞ്ഞുകൊണ്ടാണോ പറഞ്ഞയക്കുന്നതു്?''

മയ്യത്തു് മറവുചെയ്തു. അന്തരീക്ഷമാകെ മൂകതയിലാണ്ടു .... എല്ലാവരും പിരിഞ്ഞുപോയി. മനസ്സും ദേഹവും ഒട്ടാകെ മരവിച്ചതുപോലെ ആയി. ഉമ്മയുടെ അടുത്തുചെന്നു ആ മുഖത്തു് എങ്ങിനെ നോക്കും? .... അടുത്തുചെന്നു വിളിച്ചു.

''ഉമ്മാ'' ....

''മോളെ .... എല്ലാം കഴിഞ്ഞു'' .... പറയേണ്ട താമസം .... കുറേനേരം കരഞ്ഞു .... മരിക്കുന്നതിന്നുമുമ്പു് എവിടെ ഷീജ .... അവളെ കാണണം .... എനിക്കൊരു സംഗതി പറയുവാനുണ്ടു് അവളോടു്. അല്ലെങ്കിൽ വേണ്ട ഇതു് അവൾക്കു് കൊടുക്കണം എന്നു പറഞ്ഞു ഒരു പൊതിയും ഒരു എഴുത്തും എന്റെ കയ്യിൽ വച്ചു തന്നു. ''ഉമ്മാ .... സങ്കടപ്പെടരുതു് .... വെള്ളം വെള്ളം'' .... എന്നുപറഞ്ഞു. വെള്ളം കൊടുത്തു കുടിച്ചു കണ്ണടച്ചു മോളെ.

ഞാൻ പൊതി അവിടെവച്ചു് എഴുത്തു് വായിച്ചു. പ്രിയപ്പെട്ട അനിയത്തീ ....

''ഇതെഴുതുമ്പോൾ നീ കോളേജിൽ എന്നെപ്പററിയുള്ള മനോവേദനയാൽ നീറുകയായിരിക്കും .... നീ ഒന്നുകൊണ്ടും ക്ലേശിക്കേണ്ട. നിനക്കു് പഠിയ്ക്കാനും ജീവിക്കാനുംവേണ്ട എല്ലാ സൗകര്യങ്ങളും ചെയ്തിട്ടാണു് ഞാൻ പോകുന്നതു് .... അതിപ്പോൾ നീ അറിയേണ്ട .... അന്വേഷിക്കയും വേണ്ട. ജോലി കിട്ടിയിട്ടു് ആ സഹായമെല്ലാം തിരിച്ചുചോദിക്കാനാളുണ്ടാവും. അതുപോലെ ചെയ്താൽ മതി. നിന്റെ ഭാവിയെപ്പററി ഉൽക്കണ്ഠപ്പെടരുതു്.

എന്നു്,

നിന്റെ ഇക്കാക്ക

ഇപ്പോൾ ജോലി കിട്ടിയിട്ടു് മൂന്നുനാലു മാസമായി. വീടു് മാറണമെന്നു് ഉമ്മയുടെ നിർബ്ബന്ധമനുസരിച്ചാണു് സബിദയുടെ വീട്ടിനടുത്തുള്ള കെട്ടിടത്തിലേക്കു് താമസമായതു്. നാലു മാസത്തെ പരിചയം മാത്രമെ ഉള്ളുവെങ്കിലും ജീവിതത്തിൽ ഒരിക്കലും വിട്ടുപിരിയാൻകഴിയാത്ത വിധം ഞങ്ങൾ ജീവിച്ചു.

ജോലി കിട്ടിയിട്ടു് മൂന്നു നാലു മാസമായെങ്കിലും ആരും എന്നോടു സഹായം ചോദിച്ചില്ല. ഞാൻ അന്വേഷിച്ചുമില്ല.

''എന്താ കരയുകയാണൊ? ഞാൻ വരുമ്പോഴേക്കും പുറപ്പെടാമെന്നു പറഞ്ഞിട്ടു്. നിനക്കു് കരയാൻ മാത്രമെ അറിയു?

ആ! സബിദയോ .... ഞാനെന്തൊക്കെയോ ഓർത്തുപോയി സബിദ.

ആട്ടെ വേഗം വാ. ഉമ്മ വിളിക്കുന്നുണ്ടു്.

''ഞാനില്ല സബിദ. നിന്റെ ഇക്കാക്കയും മററും ഉണ്ടായിരിക്കും.''

''എന്താ എന്റെ ഇക്കാക്ക നിന്നെപ്പിടിച്ചു വിഴുങ്ങുമോ? നിന്റെയൊരു നാണം.''

''എനിക്കു് യാതൊരു പരിചയവുമില്ലാത്ത ഒരു വ്യക്തിയല്ലെ നിന്റെ ഇക്കാക്ക. ഞങ്ങൾ ഇവിടെ വന്നതിന്റെശേഷം ഞാൻ കണ്ടിട്ടുപോലുമില്ല. ഞാൻ വരുന്നില്ല.''

''പററില്ല, വന്നേ മതിയാവൂ. എന്റെ ഷീജയെ എന്റെ ഇക്കാക്കക്കു പരിചയപ്പെടുത്തണം. വേഗം വാ.''

ഗേററു് കടന്നു് വീട്ടിൽ ചെന്നു.

ഇക്കാ അങ്ങോട്ടിരിക്കു്.

ഞാൻ അകത്തു കയറി .... ഞാനെന്താണീ കാണുന്നതു്? .... ഞാൻ ഏററവും അധികം ബഹുമാനിക്കയും ആരാധിക്കയും സ്നേഹിക്കയും ചെയ്തിരുന്ന ലക്ചറർ റഷീദു്!

എന്താ പരിഭ്രമിച്ചുപോയോ ....? സബിദ.

എന്നെപ്പററി ഒന്നുംതന്നെ പറഞ്ഞുകാണുകയില്ല അല്ലേ? ശരിയാണു്. ഞാൻ പറഞ്ഞപ്രകാരമെല്ലാം അവൾ ചെയ്തു. അത്രമാത്രം.

ഷീജേ, എന്താ മരത്തടിപോലെ നില്ക്കുന്നതു്? നീ ഇത്രവേഗം എന്റെ ഇക്കയോടു പരിചയപ്പെട്ടുവോ? നീയൊന്നും അറിഞ്ഞിട്ടുണ്ടാവില്ല അല്ലേ? .... എന്നാൽ കേട്ടോളൂ. നിന്നെ അളവററു സ്നേഹിച്ചിരുന്ന ഒരു വ്യക്തിയാണു് എന്റെ ഇക്കാക്ക. പക്ഷെ ഞാനൊന്നുംതന്നെ നിന്നോടു് പറഞ്ഞിട്ടില്ല. നിന്റെ ഇക്കാക്കക്കും

അറിയാമായിരുന്നു ഇതു്. നിന്റെ പഠിത്തത്തിന്നു വിഘ്നം പററുമെന്നു വിചാരിച്ചു് ആരും ഒന്നും പറഞ്ഞില്ല. ഞാൻ നിന്നോടു പറഞ്ഞില്ലേ പേർഷ്യയിൽനിന്നാണു് എന്റെ ഇക്ക വന്നതെന്നു്. അതു് നുണപറഞ്ഞതായിരുന്നു. പക്ഷെ കോളേജിലേക്കാണു് പോയതു്. അവിടെനിന്നും ഇപ്പോൾ വന്നതാണു്. ഏതായാലും നിങ്ങൾ വർത്തമാനം പറയിൻ .... ഞാനിപ്പോൾ വരാം ....

ഷീജേ .... !

സാർ .... !

എന്നെ ഇനി സാറെന്നുംമററും വിളിക്കണ്ട. ഞാനെന്തിനാണു് നിന്നെ വിളിച്ചതെന്നോ ? ഞാൻ ചെയ്തിരുന്ന സഹായങ്ങളെല്ലാം തിരിച്ചു വാങ്ങുവാൻ ....

സഹായമോ ?

ഇക്കയുടെ അവസാനത്തെ എഴുത്തു ഞാനും കണ്ടിരുന്നു. പക്ഷെ നീയൊന്നും അറിഞ്ഞില്ല അല്ലേ ? അതിൽ പറഞ്ഞ ആ വ്യക്തി ആരായിരുന്നുവെന്നറിയാമോ ? .... ഇതാ ഈ നില്ക്കുന്ന ഞാൻ. നിന്റെ ഓരോ വേദനയിലും ഞാനും പങ്കാളി ആയിരുന്നു. നിന്റെ ഇക്കയുടെ ഉററ മിത്രവുമായിരുന്നു. അതൊന്നും നീ അറിഞ്ഞില്ല. നിന്നെ അറിയിച്ചുമില്ല. പഠിപ്പിൽ മുഴുകി ഇരിക്കയായിരുന്നു നീ. നിന്റെ നല്ല നടപടികളാണു് എന്നെ ആകർഷിച്ചതു്. ഞാൻ ആ കോളേജിൽ നിന്നു പോയിട്ടു് ഒന്നരവർഷമായെങ്കിലും നിന്നെ ക്കുറിച്ചുള്ള ചിന്തകൾ വിട്ടുമാറിയില്ല. ഇടക്കിട വന്നു നിന്റെ വർത്തമാനങ്ങൾ അറിയാറും ഉണ്ടാ യിരുന്നു. നിനക്കു് ജോലികിട്ടാനും ഞാൻതന്നെ യാണു് കാരണം. വീടു് മാററി താമസിപ്പിച്ചതു ഞാൻ തന്നെ ആയിരുന്നു.''

എന്താ ഇപ്പോൾ മനസ്സിലായോ ? .... ഇ ഞാൻ ചോദിക്കുന്ന സഹായം തിരിച്ചുതരുമോ

എന്റെ ഇക്കയുടെ വാക്കു് ഞാൻ തെററി ക്കുകയില്ല. എന്താണു് ഞാൻ തരേണ്ട സഹായ

നീ ഈ ജീവിതം മുഴുവനും എന്റെ കൂടെ ണ്ടാവണം. അതുമാത്രമാണു് ഞാൻ ചോദിക്കു സഹായം .... എനിക്കു് വാക്കുതരൂ.

" അങ്ങയുടെ ഭാര്യയായിരിക്കാനുള്ള അ എനിക്കുണ്ടോ ? എനിക്കു സ്വന്തമായി ഒരു ലിയല്ലാതെ യാതൊരു സ്വത്തോ വീടോ ഒ ഇല്ല. പക്ഷെ എനിക്കു് സ്നേഹിക്കാൻ കഴിയു ഒരു ഹൃദയം മാത്രമാണുള്ളതു്.''

''അതെ, ഷീജാ എനിക്കാവശ്യം സ്നേ ക്കാൻ കഴിയുന്ന ആ ഹൃദയമാണു്.''

റഷീദ് ....

ഷീജാ ....

# കൊച്ചുകഥകൾ

ഹരിദാസ് എം., I B. Sc.

## പകലുറക്കം

പകലുറക്കം കഴിഞ്ഞു ഞാൻ എഴുന്നേററിരുന്നു. കസേരയിലല്ല, കിടക്കയിൽ. എന്തുകൊണ്ടെന്നാൽ, കസേരയിലിരിക്കാൻ മുറിയുടെ അങ്ങേ അററംവരെ നടക്കണം. നടക്കാൻ എനിക്കു മടി തോന്നി. എഴുന്നേൽക്കാൻ മടിതോന്നി. എന്തിനു്, ഇരുന്നശേഷം കാലു് ചുവട്ടിലേക്കു് തൂക്കിയിടാൻതന്നെ എനിക്കു മടി തോന്നി. ഞാൻ എഴുന്നേല്ക്കുകയില്ലായിരുന്നു. പക്ഷെ കിടന്നിടത്തുകിടന്നാൽ വെയിൽകൊള്ളും.

"മോനേ" അമ്മ വിളിക്കുന്നു. കാപ്പിക്കായിരിക്കും.

"കാപ്പി ഇങ്ങോട്ടു കൊണ്ടുവരൂ അമ്മേ."

കൈയിൽ കാപ്പിയും മുഖത്തു കറുപ്പുമായി അമ്മ വന്നു. കാപ്പിപ്പാത്രം നീട്ടിക്കൊണ്ടു് അമ്മ ചോദിച്ചു.

"നീയിപ്പൊ ഉറങ്ങിയോ ?"

"ഉവ്വു്. എന്താ ഇപ്പൊ ഉറങ്ങിയാ ?"

"പകലുറങ്ങിയവൻ ഇന്നുവരെ നേരെയായിട്ടില്ലെടാ."

## യാത്ര

എനിക്കു ബുദ്ധിവച്ചപ്പോൾ ഞാൻ മുത്തച്ഛനോടു ചോദിച്ചു.

"നമ്മൾ എങ്ങോട്ടാണു പോണതു മുത്തച്ഛാ?"

"അറിയില്ല മോനെ."

"മുത്തച്ഛൻ ഇതിനെക്കുറിച്ചു് ആലോചിച്ചിട്ടില്ലെ?"

"ഇല്ലാതിരിക്കുമോ മോനെ. ഞാനും നിന്റെ പ്രായത്തിൽ ഇതുതന്നെ എന്റെ മുത്തച്ഛനോടു ചോദിച്ചു."

"എന്നിട്ടെന്തുപറഞ്ഞു?"

"അറിയില്ലെന്നു പറഞ്ഞു, മോനേ."

"മുത്തച്ഛന്റെ മുത്തച്ഛനും എന്നേപ്പോലെ തന്നെ ചോദിച്ചിരിക്കുമോ?"

"ഉണ്ടായിരിക്കും."

"അപ്പോൾ മുത്തച്ഛന്റെ മുത്തച്ഛന്റെ മുത്തച്ഛൻ എന്തു പറഞ്ഞിട്ടുണ്ടാവും?"

"അറിഞ്ഞുകൂടെന്നു പറഞ്ഞിട്ടുണ്ടാവും."

"അപ്പോൾ ആർക്കും അറിഞ്ഞുകൂടാ അല്ലെ?"

"അതേ മോനെ. ആർക്കും അറിഞ്ഞുകൂടാ."

"എനിക്കു നാണമാകുന്നു മുത്തച്ഛാ."

"എന്തിനു്?"

"ഞാനൊരു മുത്തച്ഛനാകുമ്പോൾ എന്റെ പേരക്കുട്ടിയോടു അറിയില്ലെന്നു പറയാൻ."

## പ്രൂഫ്

അദ്ധ്യാപകൻ ചോദിച്ചു:

"ജീവിക്കണമെങ്കിൽ തിന്നണം. തിന്നണമെങ്കിൽ കൊല്ലണം. അപ്പോൾ ജീവിക്കണമെങ്കിൽ കൊല്ലണം. ശരിയോ തെററോ?"

"ശരി" കുട്ടി പറഞ്ഞു.

"തെളിയിക്കണം."

"$a = b \quad b = c \quad a = c$".

## ആഹ്ലാദം — ആശ്വാസം

ഒരു യുവാവു്, താനാണു് ലോകത്തിലെ ആദ്യത്തെ 'പുരുഷൻ' എന്നു് കരുതുന്നു — ആഹ്ലാദിക്കുന്നു.

ഒരു വൃദ്ധൻ, താൻ ലോകത്തിലെ ആദ്യത്തെ വൃദ്ധനല്ലല്ലോ എന്നു കരുതി— സമാധാനിക്കുന്നു.

# മാററാലി

ഹുസൈൻ, തിക്കോടി II B. A.

ജനവാതിൽപഴുതിലൂടെ പുറത്തേക്കു നോക്കിയിരിക്കാൻ ഒരു പ്രത്യേകസുഖം തോന്നി. കാററിൽ മർമ്മരംപാടുന്ന ചവോക്കുമരങ്ങളുടെ നീണ്ട നിഴലുകൾ ചെമ്മണ്ണുവിരിച്ച പാതയിൽ മയങ്ങിക്കിടക്കുന്നു. അടച്ചിട്ട ഗയ്ററിനു പുറത്തു വന്നു നിൽക്കുന്ന കാറിന്റെ ഹോറൺവിളി കാതിൽ തുളച്ചുകയറി. ഗയ്ററ്കീപ്പർ ഉറങ്ങിപ്പോയിരിക്കും—.

ഈ രാത്രിയിൽ അസമയത്തു് കാറിൽ വരുന്നതാരായിരിക്കുമെന്നു് ഊഹിക്കാൻ പ്രയാസമില്ല. ഒരു അദ്ധ്യയനവർഷത്തിന്റെ അവസാനരാത്രിയാണു്. സകലരും സിനിമക്കും സവാരിക്കും പോകുന്ന രാത്രി. സെക്കൻറ് ഷൊ കഴിഞ്ഞു് ടാക്സിയിൽ പാട്ടും പാടി വരുമ്പോൾ എന്തൊരു ആനന്ദമായിരുന്നു.

ഓർക്കുമ്പോൾ മനസ്സിൽ അസ്വസ്ഥതയുടെ നിഴലുകൾ പതിയുന്നു. നാളെ യാത്രപറയുകയാണു്. നാട്ടിൽ പോകുന്നതിനെപ്പററി ആലോചിക്കുമ്പോൾ എന്തെന്നില്ലാത്ത വേദന അനുഭവപ്പെടുന്നു. നീണ്ട അഞ്ചു വർഷങ്ങളായി ഈ ചുററുപാടുകളെ പുൽകിക്കഴിയുന്നു. കഴിഞ്ഞ ഒഴിവുകാലങ്ങളിലൊക്കെ നാട്ടിലേക്കു് പുറപ്പെടുമ്പോൾ അന്തഃകരണം മന്ത്രിക്കുമായിരുന്നു; ''സ്നേഹമുള്ള കലാലയമെ, തൽക്കാലം യാത്രചോദിക്കുന്നു, വീണ്ടും കാണാൻവേണ്ടി.''

പക്ഷെ, നാളത്തെ യാത്ര അങ്ങനെയുള്ളതല്ല. അഞ്ചു കൊല്ലക്കാലത്തെ ഗാഢമായ ബന്ധത്തിന്റെ കഴുത്തിൽ കത്തിവെക്കുന്ന യാത്രയാണതു്. വിജ്ഞാനത്തിന്റെയും വിനോദത്തിന്റെയും ശബ്ദായമാനമായ ഒരു ലോകം വിദൂരമായ ഒരോർമ്മയായി രൂപാന്തരപ്പെടുന്നു.

എന്താണിതുവരെ നേടിയതു്? സർപ്പത്തിന്റെ പത്തികണക്കെ ഉയർന്നുവരുന്ന ആ ചോദ്യത്തിനു മുമ്പിൽ പലപ്പോഴും ചൂളിപ്പോകാറുണ്ടു്. കഴിഞ്ഞുപോയ കാലത്തിന്റെ ചിതൽപററിയ ചിത്രം ഹോമിക്കപ്പെട്ടൊരു മോഹത്തിന്റെ കഥ പറയുന്നതായി തോന്നി. മനസ്സിന്റെ മൂകമായ മൂലയിൽ ഓടിയെത്തുന്ന ഓർമ്മകളെ നിയന്ത്രിക്കാൻ തന്നെ പ്രയാസമുണ്ടു്.

എന്തൊക്കെ സ്വപ്നങ്ങളായിരുന്നു. കൂട്ടുകാരുമൊന്നിച്ചു് കളിച്ചുരസിക്കുമ്പോൾ ജീവിതം ഒരു കളിപ്പാവയായി മുന്നിൽ കണ്ടു. പക്ഷെ, ജീവിതത്തിന്റെ തടവുകാരനായിരുന്നുവെന്നു് മനസ്സിലാകുന്നതു് ഇപ്പോഴാണു്.

''ശ്രീനി, നീ ഒരു ഡോക്ടറായി കാണാൻ വേണ്ടിയാണു് ഞാൻ നിന്നെ എന്റെ ബുദ്ധിമുട്ടുകളറിയിക്കാതെ പഠിപ്പിക്കുന്നതു്. ആ വലിയ ആഗ്രഹത്തെ നീ സാധിപ്പിക്കുമെന്നാണു് എന്റെ വിശ്വാസം. നീ അതു് മറന്നാൽ . . . . ''

പരീക്ഷ അടുക്കുമ്പോഴൊക്കെ അച്ഛൻ എഴുതാറുള്ള സ്ഥിരംവാക്കുകളാണവ. ആ വാക്കുകളിലടങ്ങിയ വിപുലമായ ആശയം ഉൾക്കൊണ്ടു പ്രവർത്തിക്കാൻ എപ്പോഴെങ്കിലും ശ്രമിച്ചിരുന്നോ?

സകലതും നിസ്സാരങ്ങളായിരുന്നു. പഠിപ്പും പരീക്ഷയും സിനിമയുടെയും സൊററയുടേയും ലോകത്തു് ഒരു പ്രശ്നമായി കണ്ടില്ല. അന്നൊക്കെ കൂട്ടുകാരുടെ ചിരി കൂട്ടിനുണ്ടായിരുന്നു.

ഇന്നോ ?

എല്ലാവരും വിട്ടുപിരിയുന്നു. ചിന്തകളെ കയറൂരിയിടുന്ന ഏകാന്തമായ നിമിഷങ്ങൾ മാടി വിളിക്കാതെ കടന്നുവരുന്നു. ഒപ്പം, വേദനയുടെ മൂകസംഗീതവും.

കഴിഞ്ഞതൊക്കെ സ്വപ്നമായിരുന്നുവെന്ന് തോന്നുകയാണ്. ജീവിതത്തിന്റെ പൊള്ളുന്ന പ്രതലത്തിലേക്കാണ് കാലുകൾ ചലിക്കുന്നതെന്നോർത്തപ്പോൾ എല്ലാം മങ്ങിമറയുന്നു. ഒന്നു മാത്രം ശേഷിക്കുന്നു; വേദന!

ടെർലിൻ ഷർട്ടും ടൈററ് പാൻസും ധരിച്ചു കയ്യിൽ — ഭംഗിയായി കവറിട്ട നോട്ടുപുസ്തകവുമായി കോളേജിലേക്ക് പുറപ്പെടുമ്പോൾ, പലപ്പോഴും ഓർമ്മയിൽ ഓടിയെത്താറുള്ള ഒരു സഹപാഠിയുടെ രൂപം മനസ്സിൽ തെളിഞ്ഞുവരുന്നു. മനഃപൂർവ്വം മറക്കാൻ ശ്രമിക്കാറുണ്ട്. വിഫലമാകുന്ന ആ ശ്രമം കൂടുതൽ അവനെപ്പററി ഓർക്കാൻ പ്രേരിപ്പിക്കുന്നു.

കഴിഞ്ഞ ക്രിസ്തുമസ്സ് ലീവിന്ന് എസ്കർഷൻ പോയപ്പോൾ, ആ വലിയ നഗരത്തിൽവെച്ച് അവനെ കണ്ടുമുട്ടിയ രംഗം ഒരിക്കലും മറക്കാനാവാത്തതാണ്. പൊട്ടിച്ചിരിയുടേതായ ആ നാളുകളിൽ ദുഃഖത്തിന്റെ അലയൊലി സൃഷ്ടിച്ച ഒരു കൂടിക്കാഴ്ചയായിരുന്നു അത്. വിനോദയാത്രയും കഴിഞ്ഞു തിരിച്ചുവന്നപ്പോൾ ഹൃദയത്തിൽ വിഷാദലിപ്തമായ ഒരു ചിത്രം തെളിഞ്ഞുനിന്നു.

പ്രീ ഡിഗ്രി ക്ലാസ്സിൽ ഒന്നിച്ചു പഠിച്ചു; ഒരേ ഹോസ്റ്റലിൽ ഒന്നിച്ചു താമസിച്ചു. ഈവിനിങ്ങ് വാക്കിന്നു പോകുമ്പോഴും സിനിമക്ക് പോകുമ്പോഴും ആ സുഹൃത്ത് കൂടെ ഉണ്ടാകുമായിരുന്നു. ചിലപ്പോൾ നിർബ്ബന്ധിച്ച് സിനിമക്ക് കൂട്ടിക്കൊണ്ടുപോകാറുള്ളത് ഓർത്തപ്പോൾ സ്വയം ശപിക്കാനാണ് തോന്നുന്നത്.

"മോഹൻ, ഇന്ന് നീയും കൂടെ പോരണം. ഞാൻ തനിച്ചേയുള്ളൂ. നല്ല ഫിലിമാണ്. ഫ്ളൾ ഓഫ് സോങ്ങ്സ് ആൻറ് സീൻസ്. തനിച്ചു ഫിലിം കാണുന്നതു ഡള്ളാണ്."

"കുറെയധികം വായിക്കാനുണ്ട് ശ്രീനി. മററാരെങ്കിലും ഉണ്ടാകും. ഞാൻ വരുന്നില്ല ..."

"ശരി .... വന്നിട്ടു വായിക്കാം. എനിക്കുമില്ലേ വായിക്കാൻ .... കമോൺ ...."

നിരസിക്കാൻ വയ്യാത്ത നിർബ്ബന്ധങ്ങൾക്ക് നീരസത്തോടെ വഴങ്ങുമ്പോഴും ആ മുഖത്ത് ഒരു നേരിയ പുഞ്ചിരി നിഴലിക്കുമായിരുന്നു. പക്ഷെ, കൊല്ലങ്ങൾക്കുശേഷം അവനെ കണ്ടപ്പോൾ ഒന്നു ചിരിക്കാൻ എത്ര പ്രയാസപ്പെട്ടു ?

തിക്കും തിരക്കുമുള്ള നഗരത്തിൽ കുറെ കാഴ്ചകളൊക്കെ കണ്ടശേഷം ഒരു വലിയ ഹോട്ടലിൽ ഊണ് കഴിക്കാൻ കയറിയിരുന്നു. നെററിത്തടത്തിൽ പൊടിഞ്ഞ വിയർപ്പുകണങ്ങൾ ടവ്വലെടുത്ത് തുടക്കുമ്പോൾ പ്ലെയ്ററിൽ ബിരിയാണിയുമായി കടന്നുവന്ന ആളെ പെട്ടെന്നു മനസ്സിലായില്ല.

കണ്ടുമറന്ന മുഖംപോലെ തോന്നി. തന്റെ മുഖത്ത് മിഴിച്ചുനോക്കിനിന്നുപോയ മോഹൻ വിളിച്ചു.

"ശ്രീനി ...."

പെട്ടെന്ന് ഓർമ്മയിൽ ഓടിയെത്തിയ മോഹന്റെ രൂപമാണ് മുമ്പിൽ നിൽക്കുന്നതെന്ന് മനസ്സിലായപ്പോൾ അറിയാതെ വിളിച്ചുപോയി.

"മോഹൻ ... നീ ഇവിടെ ...."

ആ ചോദ്യം ഭക്ഷണം കഴിക്കുന്ന കൂട്ടുകാരുടെ ബഹളത്തിൽ ലയിച്ചുചേർന്നു. ചിരിക്കാനൊരു വിഫലശ്രമം നടത്തിക്കൊണ്ട് അവൻ മൂകനായി നിന്നു. കണ്ണുകൾ നനയുകയായിരുന്നോ ?

കൂടുതലൊന്നും പറഞ്ഞില്ല. പറയാനുള്ളതൊക്കെ ഹൃദയത്തിൽ ഘനീഭവിച്ചുനിന്നു. മോഹന്റെ ക്ഷീണിച്ച ദേഹവും മുഷിഞ്ഞ വേഷവും ഇന്നും മനസ്സിൽ പച്ചപിടിച്ചു നിൽക്കുന്നു. വൈരുദ്ധ്യമാർന്ന ജീവിതത്തിന്റെ വികൃതമായ ഒരു മുഖം !

ഈ രാത്രി ഒരു വഴിത്തിരിവാണ്. ഒരു യാത്രയുടെ ആരംഭം കുറിക്കുന്ന രാത്രി. സ്വപ്നത്തിന്റേതായ ഒരു കാലത്തിന്റെ കറുത്ത നിഴൽ ആത്മാവിലോളം നീണ്ടുകിടക്കുന്നു. ഒരുപിടി ഓർമ്മകൾ മാത്രമാണ് കൈമുതലായുള്ളത്.

അവസാനത്തെ പരീക്ഷയും കഴിഞ്ഞ് ഹാളിൽനിന്നു പുറത്തുകടന്നപ്പോൾ മനസ്സിൽ ഒരു

നഷ്ടബോധത്തിന്റെ നിഴലാട്ടമായിരുന്നു. സുവോളജി പ്രാക്ടിക്കൽ ചെയ്യാൻ ഉത്സാഹത്തോടെയാണു് പരീക്ഷാഹാളിൽ കടന്നുചെന്നതു്. 'തിയറി'ക്കു് നഷ്ടപ്പെട്ടുമെന്നു കരുതിയ മാക്കു കൂടി കരസ്ഥമാക്കാനുള്ള ആഗ്രഹം ഉള്ളിൽ അലതല്ലിയിരുന്നു.

തവളയുടെ ആർട്ടീരിയൽസിസ്റ്റം ഡിസക്ടു് ചെയ്തു് കാണിക്കാനുള്ള ചോദ്യം വായിച്ചപ്പോൾ ഞെട്ടിയില്ല. സിസ്സേർസും ഫോർസെപ്സും എടുത്തു് ഡിസക്ഷൻ ആരംഭിച്ചു. പെട്ടെന്നാണു്, വഷങ്ങൾക്കുമുമ്പു് ഒരു ഓപ്പറേഷൻ പരാജയപ്പെട്ടതുമൂലം എന്നെന്നേക്കുമായി നഷ്ടപ്പെട്ട അമ്മയുടെ മുഖം മുമ്പിൽ തെളിഞ്ഞുവന്നതു്. കൈകൾ വല്ലാതെ വിറച്ചു. കണ്ണുകളിൽനിന്നു നീർകണങ്ങൾ മിനുസമുള്ള ടേബിളിൽ ഉതിർന്നു വീണു.

തവളയുടെ പൊട്ടിപ്പോയ രക്തധമനികളിലൂടെ രക്തം ട്രേയിലെ വെള്ളത്തിൽ ചേരുന്നതും നോക്കി കുറെനേരം ഇരുന്നു. അമ്മയുടെ ചിതയിൽനിന്നു് കൊളുത്തിവെച്ച അച്ഛന്റെ ആഗ്രഹം കരിന്തിരി കത്തുന്നതായി തോന്നി. ബെല്ലിന്റെ ശബ്ദം കാതിൽ വന്നലച്ചപ്പോൾ സംതൃപ്തിയുടെ പുഞ്ചിരിയുമായി എഴുന്നേറ്റുപോകുന്ന കൂട്ടുകാരുമൊന്നിച്ച ഹാളിൽനിന്നു് പുറത്തിറങ്ങി.

ഹോസ്റ്റലിൽ പരീക്ഷ കഴിഞ്ഞ ബഹളമായ
രുന്നു. ആഹ്ലാദം അലതല്ലുന്ന അന്തരീക്ഷമാണ്

"ഈസിയായിരുന്നു, അല്ലേ ?"

"അതെ" വിളറിയ മുഖത്തു് ചിരിയു
പ്രകാശം പരത്താൻ ശ്രമിച്ചെങ്കിലും വിജയി
തായി തോന്നിയില്ല.

കൂട്ടുകാരൊക്കെ സിനിമ കാണാൻ ടൗ
ലേക്കു പുറപ്പെട്ടപ്പോൾ ചോദിച്ചു.

"ശ്രീനി, വരുന്നില്ലേ . . . . അവസാനത്തെ
ജോലിയാണിന്നു്."

"എനിക്കു് നല്ല സുഖമില്ല. നിങ്ങൾ പെ
യ്ക്കോളൂ" അതു് പറഞ്ഞപ്പോൾ ഹൃദയത്തി
വല്ലാത്തൊരു ഭാരമായിരുന്നു.

എല്ലാം അകലുന്നു. പക്ഷെ, ഒന്നും മറക്കാ
കഴിയുന്നില്ല. കാറിന്റെ നിലക്കാത്ത ഹോ
വിളി ഗേറ്റു് തുറക്കുന്ന ശബ്ദംകേട്ടപ്പോൾ നി
കാർ സ്റ്റാർട്ടു്ചെയ്യുന്ന ശബ്ദം കേട്ടു. ഉറങ്ങാ
വേണ്ടി കണ്ണു ചിമ്പി കമഴ്ന്നുകിടന്നപ്പോ
അകന്നുപോകുന്ന കാറിന്റെ ശബ്ദം കഴി
കാലത്തിന്റെ മാറ്റൊലിയെന്നോണം കാതി
വന്നലയ്ക്കുന്നുണ്ടായിരുന്നു

# മുറിവുകൾ

ബി. മഹമൂദ് (മാട്ടൂൽ) I B. Sc. Zoo. 79

— ആക്സിലേററിൽ കാലു് ഞെരിഞ്ഞമർന്നപ്പോൾ ഇംപാല കുതിച്ചുപാഞ്ഞു. സംഗീതം പൊഴിക്കുന്ന ഹോറണുള്ള, കൊട്ടാരംപോലുള്ള ഇംപാല!

എതിരെനിന്നടിക്കുന്ന ഉച്ചവെയിലിന്റെ ചൂടുള്ള കാററ് മുഖത്ത് തട്ടി മുടിയിഴകൾ നെററിയിൽ വീണപ്പോൾ കൈകൊണ്ടു് മാടിയൊതുക്കി.

റോഡിന്റെ ഇരുവശങ്ങളിലും വൈവിദ്ധ്യമാർന്ന ജീവിതത്തിന്റെ വിവിധവശങ്ങൾ, വിവിധഘട്ടങ്ങൾ, ഒതുങ്ങിക്കൂടിയിരിക്കുന്നു. സുഖഭോഗങ്ങളുടെ മാദകമായ കുണുങ്ങിച്ചിരികൾ.... വേദന ഇററിറവീഴുന്ന തേങ്ങലുകൾ.... ഇതെല്ലാം കണ്ടും കേട്ടും പകച്ചുനില്ക്കുന്ന വേറൊരു വിഭാഗം. ആവേശമടങ്ങാതെ, വീണ്ടും വീണ്ടും കുത്തിവേദനിപ്പിക്കുന്ന, മദാലസയായ ദാഹാർത്തയായ നഗരം പൊട്ടിച്ചിരിക്കുന്നു.

ഈ ജനത്തിരക്കേറിയ പട്ടണത്തിന്റെ മാറിലൂടെ എല്ലാററിനേയും പിന്നിലാക്കി വീറോടെ, കുതിച്ചുപായുന്ന കാറിലിരുന്നുകൊണ്ടു് ഒരു മൂളിപ്പാട്ടു പാടാൻ തോന്നി.

ഓർക്കാനും ഓർത്തോർത്ത് വേദനിക്കാനും ഒരുപാടു കാര്യങ്ങളുണ്ടായിരുന്ന കാലത്ത്, മനംകുളിർക്കെ ഒന്നു് ചിരിക്കാൻ കൊതിച്ചുപോയ വ്യർത്ഥങ്ങളായ എത്രയെത്ര ദിനങ്ങൾ. നിരാശയോടൊപ്പം വേദനയും കൂടിയതേയുള്ളൂ. അന്നു് വേദനകൊണ്ടു മറന്നുപോയ ചിരി ഇന്നു് സന്തോഷത്തിന്നിടയിൽപോലും കടന്നുവരുന്നില്ലെന്നോർക്കുമ്പോൾ വേദന തോന്നുന്നു.

....വടിവൊത്ത ദന്തനിരകൾ പുറത്ത്കാ
മനോഹരമായി ചിരിക്കുന്ന മുംതസിനെ ഓർക്കു
ബുധനാഴ്ചതോറും "ബിനാക്കാ പ്രോഗ്രം" കേ
ൾപ്പിക്കുന്ന റേഡിയോയ്ക്കു്മുമ്പിൽ തപസ്സിരിക്കുന്ന
തലയിലെണ്ണയുപയോഗിക്കാത്ത മുംതസ്. മനോ
ഹരമായി ചിരിക്കാൻ കഴിയുന്നവർ ഭാഗ്യവാന്മ
രാണെന്നു പറഞ്ഞപ്പോൾ എന്തേ അവർ തേങ്ങി

— മുമ്പിൽ നീണ്ടൊരു ക്യൂ കണ്ടപ്പോൾ പെ
ട്ടെന്നു് ബ്രേക്കിട്ടു. നഗരത്തിൽ പുതുതായിപണി
തിയേററിന്നു്മുമ്പിൽ ഇത്രനീണ്ടൊരു ക്യൂ സൃഷ്
ച്ച ഫിലിം ഏതാണെന്നോർക്കുമ്പോഴേക്കും ക്യൂ
രണ്ടായി പിളർന്നു. കാർ വിടുമ്പോൾ ഓർത്തു:-

ടെലഗ്രാം കയ്യിൽ കിട്ടിയപ്പോൾ ആദ്യ
തോന്നിയ വികാരം വെറുപ്പായിരുന്നു. റിസ
ഇൻസ്റ്റിററ്യൂട്ടിന്റെ ഓഡിറേറാറിയത്തിന്നടുത്ത്
ആകാശത്തേക്ക് മുഴച്ചുനിൽക്കുന്ന യൂക്കാലി
പിററ്സ് മരങ്ങളുടെ തണലിൽവെച്ചു്, മുംത
മായി മണിക്കൂറുകളോളം ആലോചിച്ചപ്പോ
വെറുപ്പ് മാറിയിരുന്നില്ല. എന്തേ അമ്മാവ
പ്പോൾ ഈ മരുമകനെ കാണണമെന്നു തോന്നാ
പെട്ടെന്നു സമാധാനമുണ്ടായി. നാലക്കമുള്ള
ശമ്പളം വാങ്ങിത്തരുന്ന മൂന്നക്ഷരമുള്ള ഡിഗ്ര
യാണോ? ആയിരിക്കും. പണമാണു് വലുതെ
പഠിപ്പിച്ച അമ്മാവനല്ലേ.

"പോകൂ ഷൌക്കത്ത്. പ്ലീസ്. എന്തായാ
അമ്മാവനല്ലെ."

ചത്തടിഞ്ഞ മൃദുലവികാരങ്ങളുടെ ശവ
മ്പിൽനിന്നു് അലറിവിളിക്കുന്ന ഒരു മൃഗ

മാറിപ്പോകുമോ താനെന്നു് ഭയപ്പെട്ടിരുന്നപ്പോഴാണവൾ കടന്നു വന്നതു്. മുംതസ്: പലതും കേട്ട ലോകത്തിനു് ഒരു തത്വംകൂടി സംഭാവന ചെയ്യാൻവേണ്ടി, തന്റെ അസ്തിത്വം തെളിയിക്കാൻ വേണ്ടി, നീറുന്ന വേദനകൾക്കിടയിലും, ഊണും ഉറക്കവുമില്ലാതെ, അമ്ലങ്ങളുടെയും ലവണങ്ങളുടെയും ലോകത്തുകിടന്നു് വീർപ്പുമുട്ടുമ്പോഴെല്ലാം ആശ്വാസം പകർന്നുതന്നവളാണു് പറയുന്നതു് "പോകൂ . . . ."

വീടിനെക്കുറിച്ചോർക്കുമ്പോൾ മനസ്സിന്റെ അടിത്തട്ടിൽ അടിഞ്ഞമർന്നിരുന്ന അസ്വാസ്ഥ്യങ്ങളായ ഓർമ്മകൾ, ഓളങ്ങൾ സൃഷ്ടിച്ചുകൊണ്ടു് മുകൾപ്പരപ്പിലേക്കു് പൊന്തിവരുന്നു.

വർഷങ്ങൾക്കുമുമ്പു് . . . .

മകൻ പഠിച്ചു് ഉദ്യോഗമായാൽ ഭാരം മുഴുവൻ അവനെ ഏല്പിക്കാമെന്ന ആശ്വാസത്തിന്മേൽ പിടിച്ചുതൂങ്ങുന്ന, അഞ്ചംഗങ്ങളുള്ള ഒരു കുടുംബത്തിന്റെ അമരത്തിരിക്കുന്ന ഹൈസ്കൂളദ്ധ്യാപകനായ ബാപ്പ. കേസുകൾക്കായി പേരും പെരുമയുമുണ്ടായിരുന്ന ഒരു വലിയ തറവാടിന്റെ തായ്‌വേരുപോലും കിളച്ചെടുത്ത തന്റെ ബാപ്പായെക്കുറിച്ചുള്ള പരാതിയുമായിക്കഴിയുന്ന ഉമ്മ. വീട്ടുജോലികൾ ഒഴിഞ്ഞിരിക്കുന്ന സമയത്തു് ഷേയ്ക്സ്പിയറുടെയും ടി. എസ്. ഏലിയട്ടിന്റെയും പുസ്തകങ്ങൾ വായിച്ചു് പരിസരംപോലും മറക്കുന്ന പെങ്ങൾ!

— മുമ്പിൽ ഇളംപച്ചച്ചായംതേച്ച വലിയ ഗേറ്റ് തെളിഞ്ഞുകണ്ടു. താൻ പഠിച്ച കോളേജ് ഗേറ്റിനപ്പുറം പരന്നുകിടക്കുന്ന കോളേജ് കാമ്പസ് കണ്ണിൽപ്പെട്ടപ്പോൾ രോമാഞ്ചത്തോടെ ഓർത്തു ആറുമൈൽ നീണ്ടുകിടക്കുന്ന ഒരു ദ്വീപായ ഗ്രാമത്തിൽനിന്നുംവന്ന ഒന്നുമറിയാത്ത, മിതഭാഷിയായ പാവം ചെറുപ്പക്കാരൻ വളർന്നതും വികസിച്ചതും കുന്നിൻ പുറത്തുള്ള ഈ കലാലയത്തിൽവെച്ചാണു്. കലാലയജീവിതാരംഭത്തിൽ മടിച്ചു മടിച്ചു മാത്രം ലൈബ്രറി കയറാറുള്ള അവൻ അവസാനം മനസ്സില്ലാമനസ്സോടെയാണിറങ്ങിപ്പോയതു്.

ക്ലാസോടുകൂടി ബി. എസ്. സി. പാസായി മെഡിസിനു് അപ്ലൈ ചെയ്യുമ്പോൾ സെലക്ഷൻ കിട്ടുമെന്നു് പ്രതീക്ഷയുണ്ടായിരുന്നില്ല. പത്രത്തിൽ പേരു് വന്നപ്പോൾ മുറിവേറ്റ മനസ്സ് തേങ്ങി. എങ്ങിനെ . . . . എങ്ങിനെ പഠിക്കും?

പറയാതെതന്നെ ബാപ്പ എല്ലാം മനസ്സിലാക്കിയിരുന്നു. കുനിഞ്ഞ തലയുമായി മുറ്റത്തുലാത്തുന്ന ബാപ്പ. കട്ടിളപ്പടിയിൽ ചാരിനിന്നു്, താടിക്കു് കൈകൊടുത്തു്, എല്ലാംമുടിച്ച ബാപ്പായെ പിരാകുന്ന ഉമ്മ. ലിറ്ററേച്ചർ ബി. എ. ക്കു് ചേരാൻ കഴിയാതെ വീർപ്പുമുട്ടിക്കഴിയുന്ന പെങ്ങൾ.

അവസാനം . . . . അടുത്തു് വന്നു് കുനിഞ്ഞ തല ഉയർത്താതെതന്നെ ബാപ്പ പറഞ്ഞു. "നിന്റമ്മാവനുണ്ടല്ലോ ഒരാൾ. ചോദിച്ചുനോക്കൂ." അഭിമാനത്തിന്റെ പ്രശ്നമായിരുന്നു ബാപ്പാക്കതു്. പക്ഷെ ആശയുടെ കിരണങ്ങൾക്കു്മുമ്പിൽ അഭിമാനം അപ്രശോഭിതമായിരുന്നു

ആൾസേഷ്യൻ കാവൽ നില്ക്കുന്ന വലിയ ഇരുമ്പ്ഗേറ്റ് തള്ളിത്തുറന്നു് മിനുങ്ങുന്ന തറയിൽ ചവിട്ടിയപ്പോൾ ഭയംതോന്നി. അമ്മാവനോടെങ്ങിനെ പറയണം . . . . പകൽവെളിച്ചം തരുന്ന മെർക്കുറി ലൈറ്റിനു കീഴെ, മിനുങ്ങുന്ന കഷണ്ടി തടവിക്കൊണ്ടു് എല്ലാം കേട്ടുനില്ക്കുന്ന അമ്മാവന്റെ വായിൽനിന്നുതിരുന്ന വാക്കുകൾ കേൾക്കാൻ വെമ്പലോടെ കാത്തിരുന്ന ചെറുപ്പക്കാരൻ അതു കേട്ടപ്പോൾ സ്തംഭിച്ചുപോയി

. . . . ഡാക്ടരായാൽ മകളെ കല്ല്യാണം കഴിക്കുക . . . . സമനില തെറ്റുമോയെന്നു് ഭയപ്പെട്ടു. സിരകൾ വലിഞ്ഞുമുറുകി. അതുവരെ ഭയപ്പെട്ടിരുന്ന അമ്മാവന്റെ മുമ്പിൽനിന്നു് പൊട്ടിത്തെറിച്ചു "എന്നെ വില്ക്കാൻ ഞാനുദ്ദേശിച്ചിട്ടില്ല" തിരിഞ്ഞുനടക്കുമ്പോൾ പിന്നിൽ അമർഷം തുളുമ്പുന്ന സ്വരം കേട്ടു. "ചെറ്റ".

— അടച്ചിട്ട റെയിൽവേക്രോസിംഗിനു മുമ്പിൽ ബ്രേക്കിട്ടപ്പോൾ റോഡരുകിൽ നിലവിളിച്ചുകൊണ്ടിരിക്കുന്ന വൃദ്ധനെക്കണ്ടു. കാലിലുള്ള പൊട്ടിയൊഴുകുന്ന വ്രണങ്ങളിൽ പുഴുക്കൾ അരിച്ചുനടക്കുന്നു. ജീവിച്ചിരിക്കുമ്പോൾതന്നെ പുഴുക്കൾ തിന്നുന്ന ദേഹം.

. . . . അടുത്ത കൊല്ലം M. Sc ക്കു് അഡ്മിഷൻ കിട്ടിയപ്പോൾ ആശ്വസിച്ചു. പക്ഷെ വിധി

ക്രൂരമായിരുന്നു. ഒരു ലക്ചറർപോസ്റ്റിന്നു് ഉത്സാഹത്തോടെ കയറിയ കോളേജ്‌പടികൾ നിരാശയോടെ ഇറങ്ങുമ്പോൾ വേദനയോടെ ഓർത്തുപോയിട്ടുണ്ടു്; ആശിച്ചുപോയിട്ടുണ്ടു് ഒരു പതിനായിരം രൂപ കയ്യിലുണ്ടായിരുന്നെങ്കിൽ!

— പുതുതായി പണിത പാലവും കടന്നു കാർ കുതിച്ചുപാഞ്ഞപ്പോൾ കടൽ കണ്ടു. ആർത്തിരമ്പുന്ന കടൽ.

വെട്ടിനിർത്തിയ ചവോക്ക്‌മരങ്ങൾ തണൽ വിരിക്കുന്ന റോഡിലൂടെ കാർ പാഞ്ഞപ്പോൾ സുഖം തോന്നി. തണുത്ത കാററ് മുഖത്തടിക്കുന്നു. പോക്കററിൽനിന്നു് സിഗരെററെടുത്തു് തീ പിടിപ്പിച്ചു. പുക വായിൽനിന്നു് പുറത്തുവരുമ്പോഴേക്കും കാറേററ് അപ്രത്യക്ഷമാവുന്നു.

നാലു റോഡുകൾ ഒന്നിക്കുന്ന സ്ഥലത്തുവെച്ചു കിഴക്കോട്ടു തിരിഞ്ഞപ്പോൾ, മുമ്പിൽ സിൽവർ പെയിൻറടിച്ച വലിയ ഗെയിററ് കണ്ടു. ഗേററിന്നപ്പുറം പടിഞ്ഞാറോട്ടഭിമുഖമായിക്കിടക്കുന്ന വീടും.

ഗേററ് കടക്കുമ്പോൾ, തല നിലത്തുവെച്ചു് കിടന്നുറങ്ങുന്ന ആംസേഷ്യനെക്കണ്ടു. നായ വളരെ മെലിഞ്ഞിരിക്കുന്നു. മുമ്പത്തെ ശൗര്യമൊന്നും കാണാനില്ല. ആളെക്കണ്ടാൽ അലറി അടുക്കാറുള്ള ആംസേഷ്യൻ ഇന്നു് കണ്ണുകളുയർത്തി ദയനീയമായി നോക്കുകമാത്രം ചെയ്തു.

സ്റ്റെപ്പ് കയറുമ്പോൾ, അത്ഭുതമൂറുന്ന കുറെ മിഴികൾ തന്നിൽ പതിയുന്നുണ്ടെന്നു് മനസ്സിലായപ്പോൾ അസഹ്യമായ വെറുപ്പുതോന്നി. ഒരത്ഭുതജീവിയെക്കാണുന്നതുപോലെയല്ലേ ഇവർ തുറിച്ചു നോക്കുന്നതു്?

“അമ്മാവൻ അകത്തുണ്ടു്”— ആരാണു് പറഞ്ഞതെന്നറിയാൻ കാത്തുനില്ക്കാതെ അകത്തു കടന്നു. മരുന്നിൻെറ ഗന്ധം മൂക്കിലടിച്ചു. മിക്കവാറും ഇരുട്ടുകയറിയ ഭംഗിയുള്ള റൂമിൽ അമ്മാവൻ കിടക്കുന്ന സ്ഥലം കണ്ടുപിടിക്കാൻ വിഷമമുണ്ടായില്ല.

കട്ടിലിന്നടുത്തേക്കു ചെല്ലുമ്പോൾ വിചാരിച്ചു. ഇതവസാനമാണോ? അവസാനമായിക്കാണാനാണോ തന്നെ വിളിച്ചതു്! അടുത്തെത്തിയപ്പോൾ സൂക്ഷിച്ചുനോക്കി. വളർന്നു്മുററിയ താടിരോമങ്ങൾക്കിടയിൽ, വെയിലത്തിട്ട കരിക്കുപോലെ ഉണങ്ങിക്കരിഞ്ഞ ചൈതന്യം നശിച്ച മുഖം. പീളകെട്ടിക്കിടക്കുന്ന നരച്ച കണ്ണുകളുടെ ഇരുവശങ്ങളിൽക്കൂടി ഒരുതരം വെളുത്ത ദ്രാവകം ഒലിച്ചിറങ്ങുന്നു.

. . . . ഈ ഭാവം കണ്ടാൽ സഹതാപംതോന്നേണ്ടതാണു്. പക്ഷെ . . . . തൻെറ ഹൃദയം മുരടിച്ചിരിക്കുന്നു.

അമ്മാവൻ ചിരിക്കാൻ പാടുപെടുന്നതു കണ്ടപ്പോൾ ഉള്ളിൽ നുരഞ്ഞുപൊന്തുന്ന വിദ്വേഷത്തെ പണിപ്പെട്ടടക്കാൻ ശ്രമിച്ചു. പ്രതീക്ഷിച്ചതൊന്നും സംഭവിച്ചിട്ടില്ല. പിന്നെ ടെലഗ്രാമിൻെറ ആവശ്യം? ഒരു വിജയഭാവമുണ്ടോ ആ മുഖത്തു്?

“ഇരിക്കു”— ക്ഷീണിച്ച സ്വരം.

“വേണ്ട.” കുറച്ചുകൂടി നീങ്ങിനിന്നപ്പോൾ കട്ടിലിന്നടുത്തുള്ള കോളാമ്പിയിൽ പററിപ്പിടിച്ചിരിക്കുന്ന കഫക്കട്ടകൾ കണ്ണിൽപെട്ടു. ചുവപ്പു ബോർഡറുള്ള മഞ്ഞക്കഫക്കട്ടകൾ. വീർപ്പുമുട്ടിക്കുന്ന അന്തരീക്ഷം.

തൻെറ ഷൂസിൽതറച്ച് അമ്മാവൻെറ തളർന്ന കണ്ണുകൾ സാവധാനം മേല്പോട്ടുയരുന്നതു് കണ്ടപ്പോൾ മുഖം ചുളിയാതിരിക്കാൻ പണിപ്പെട്ടു. അത്ഭുതംകൊണ്ടു വിടർന്ന കണ്ണുകൾ നനയുന്നുണ്ടോ? അസ്വസ്ഥമായ മൂകതയെ വലിച്ചിഴച്ചു നീങ്ങുന്ന നിമിഷങ്ങൾക്കു് വേഗതപോരെന്നു് തോന്നിയപ്പോൾ ചോദിച്ചു — “എന്നെ വിളിച്ചതു് . . . . ?”

“ഞാൻ പോയാൽ . . . . എൻെറ സുഹറ” . . . . പെട്ടെന്നായിരുന്നു ആ പൊട്ടൽ.

ഓ . . . . അപ്പോൾ അതാണു് കാര്യം. മരിക്കുന്നതിനുമുമ്പ് സുഹറായെ തന്നെ ഏല്പിക്കണം. തൻെറ ഉള്ളിൽനിന്നാരോ ഉയിത്തെഴുന്നേല്ക്കുന്നതു പോലെ തോന്നി. വഷങ്ങൾക്കുമുമ്പ് മിനുങ്ങുന്ന കഷണ്ടി തടവിക്കൊണ്ടുനില്ക്കുന്ന അമ്മാവൻെറ മുമ്പിൽ, ഒരു ജീവിതത്തിൻെറതന്നെ അഭിലാഷവുമായി നില്ക്കുന്ന നിസ്സഹായനായ ചെറുപ്പക്കാരനെ ഓമ്മവന്നു. അന്നു ചരട്ടിച്ച ചരട്ടിൽ വാരിത്തിന്നാൻ അമ്മാവനു് അഭിമാനക്കുറവില്ല.

''ഞാനൊരു ഡോക്ടറല്ല. അതുകൊണ്ടുതന്നെ ഈ കാര്യത്തിൽ ഞാൻ നിസ്സഹായനാണ്'''— തിരിഞ്ഞുനടക്കുമ്പോൾ ഞെട്ടിത്തെറിക്കുന്ന ഒരു മുഖം മനസ്സിൽ കണ്ടു. മനസ്സിന്റെ ഏതോ കോണിൽ അവ്യക്തമായൊരു നിർവൃതി. മുറി വിട്ടിറങ്ങുമ്പോൾ വാതിലിന്റെ മറവിൽനിന്നൊരു തേങ്ങൽ കേട്ടു. സുഹറ? പെട്ടെന്ന് നിന്നു.

പണമുണ്ടായാൽ ജീവിതത്തിൽ നഷ്ടപ്പെടാനൊന്നുമില്ലെന്ന് വിശ്വസിക്കുന്ന അമ്മാവന്റെ മകളെന്തിന് തേങ്ങുന്നുവെന്ന് ചോദിക്കാൻ തോന്നി. ചോദിച്ചില്ല. മനസ്സ് മന്ത്രിച്ചു— ''ഒരു ഡോക്ടറെ മരുമകനായിക്കിട്ടാൻവേണ്ടി എത്ര പണവും ചിലവഴിക്കാൻ മടിയില്ലാതിരുന്ന ബാപ്പയോട് നിനക്ക് യോജിക്കാതിരിക്കാമായിരുന്നു. അതോ, ഒരു ഡോക്ടറുടെ ഭാര്യയുടെ സ്റ്റാറ്റസ് ഒരു പ്രൊഫസറുടെ ഭാര്യക്ക് കിട്ടില്ലെന്ന് നിനക്കുറപ്പുണ്ടായിരുന്നോ?

വരാന്തയിലേക്കിറങ്ങുമ്പോൾ പുറത്ത് നിർവ്വികാരനായി തൂണും ചാരിനില്ക്കുന്ന ബാപ്പായെ കണ്ടു. തുറിച്ചുനോക്കുന്ന കണ്ണുകൾക്കുമുമ്പിൽ നിന്ന് രക്ഷപ്പെട്ട് കാറിനടുത്തേക്ക് നടക്കുമ്പോൾ വിചാരിച്ചു—ഇനി, എം.എ.ക്ക് എഴുതി റിസൽട്ടും കാത്തിരിക്കുന്ന പെങ്ങളെക്കാണണം. ക്ലാസോടുകൂടി പാസ്സായി എന്നറിയുമ്പോൾ എന്തു സന്തോഷമായിരിക്കും അവൾക്ക്?

# നീളുന്ന നിഴലുകൾ

എ. പി. നളിനൻ, II P. D. C.

ഇളംമഞ്ഞനിറത്തിലുള്ള കർട്ടൻ നീക്കി തണുത്ത ജനലഴികളിൽ കവിൾചേർത്തു നിന്നു.

അകലെ ആർത്തിരമ്പുന്ന കടൽ. പാറക്കെട്ടുകളിൽ തട്ടി ചിന്നിച്ചിതറുന്ന തിരമാലകൾ . . . . സന്ധ്യയുടെ തുടുത്ത കവിൾത്തടങ്ങളിൽ പടർന്നു കയറുന്ന ഇരുട്ട് . . . .

ഹൃദയത്തിലും ഇരുട്ട് പടർന്നുകയറുവാൻ തുടങ്ങിയിരിക്കുന്നു. വർണ്ണശലഭങ്ങൾ പാറിനടന്നിരുന്ന ഹൃദയത്തിൽ ഇന്നു ശൂന്യത മാത്രമാണ്. വർഷമേഘങ്ങൾ തളംകെട്ടിനില്ക്കുന്ന സന്ധ്യാകാശംപോലെ അസ്വസ്ഥമാണവിടം.

വെള്ളിത്തിരയിലെ ചലിക്കുന്ന ചിത്രങ്ങളും നോക്കിയിരിക്കുകയാവും സരളയും രമയും. അവർ വളരെ നിർബ്ബന്ധിച്ചുവെങ്കിലും കൂടെ പോയില്ല. കാണണമെന്നാഗ്രഹമില്ലാഞ്ഞിട്ടല്ല, മനസ്സത്രമാത്രം അസ്വസ്ഥമായിരുന്നു.

അടങ്ങാത്ത ദാഹമാണ് മനസ്സിൽ. വാടിക്കരിഞ്ഞ ഈ ഹൃദയം ഇനിയും തളിർക്കില്ലേ ? ഒരിറ്റു സ്നേഹജലത്തിനുവേണ്ടി ദാഹിച്ചുവലയുന്ന തനിക്ക് ഒരു പൂഞ്ചോല കണ്ടെത്തുവാൻ കഴിയില്ലേ ?

ജീവിതം നിറപ്പകിട്ടുകളുടെ ലോകമാണെന്നാണ് ധരിച്ചുവച്ചിരുന്നത്. നൂറു നൂറു സങ്കല്പങ്ങൾ നെയ്തെടുക്കുമ്പോൾ മനസ്സ് അഭിലാഷങ്ങളുടെ ശവപ്പറമ്പായി മാറുമെന്നോർത്തില്ല . . . .

ചുറ്റും പുഞ്ചിരിക്കുന്ന മുഖങ്ങളെ കണ്ടപ്പോൾ ജീവിതത്തിനൊരർത്ഥമുണ്ടായി എന്നു വിശ്വസിച്ചു. പ്രതീക്ഷകളുടെ പൂക്കൾ വിടർന്നു. എന്നാൽ അവയെല്ലാം പൂജയ്ക്കെടുക്കാത്ത പുഷ്പങ്ങളായി അവശേഷിക്കുന്നു.

കയറിപ്പിടിച്ച കണ്ണികളെല്ലാം ബലമില്ലാത്തവയായിരുന്നു. ഓരോ പതനത്തിലും ഒരായിരം സ്വപ്നങ്ങൾ മണ്ണടിഞ്ഞു. തനിക്കുചുറ്റും പൊയ്മുഖങ്ങളായിരുന്നു. പക്ഷെ സത്യത്തിന്റെ നിറം തിരിച്ചറിയുവാനുള്ള കഴിവ് തനിക്കില്ലാതെ പോയി.

ഹോസ്പിറ്റലിൽ രോഗികളുടെകൂടെ സമയം കഴിക്കുമ്പോൾ മാത്രമാണ് മനസ്സിനു ശാന്തത ലഭിക്കാറ്. അവരുടെ വേദനകളെക്കുറിച്ചല്ലാതെ, തന്റെ വേദനകളെക്കുറിച്ചോർക്കുവാൻ അപ്പോൾ സമയം കിട്ടാറില്ല.

ഈ വേദനകളുടെ ലോകവുമായി ബന്ധപ്പെടുമ്പോൾ വേദനിക്കുന്ന ഒരാത്മാവിന്റെ ഉടമസ്ഥയാവേണ്ടിവരുമെന്നോർത്തില്ല. പണമുണ്ട്, പദവിയുണ്ട്. പക്ഷെ സ്വസ്ഥതയെന്നൊന്ന് മനസ്സിനില്ല.

പ്രതീക്ഷകൾ വേരോടെ പിഴുതെറിയപ്പെടുമ്പോൾ ആരാണ് വേദനിക്കാത്തത്? മണ്ണടിഞ്ഞ സങ്കല്പങ്ങൾ — നിറവേറപ്പെടാത്ത അഭിലാഷങ്ങൾ — വേദനയല്ലാതെ മറ്റെന്തു സമ്മാനിക്കും.

അമേരിക്കയിൽ, അമേരിക്കക്കാരിയും ഡോക്ടറുമായ ഭാര്യയുമൊത്തു ഉപരിപഠനം നടത്തുന്ന ഡോക്ടർ സുരേന്ദ്രൻ വല്ലപ്പോഴുമെങ്കിലും ഈ പെൺകുട്ടിയെക്കുറിച്ചോർക്കാറുണ്ടോ എന്തോ ?

പക്ഷെ തനിയ്ക്കൊരിക്കലും മറക്കുവാൻ കഴിയുന്നില്ല; ഓർമ്മയുടെ വാതിലുകൾ കൊട്ടിയടയ്ക്കുവാൻ കഴിയുന്നില്ല . . . .

നൊമ്പരപ്പെടുത്തുന്ന ഓർമ്മകൾ തനിയ്ക്കിന്നൊരു പേക്കിനാവാണ്.

എല്ലാം മറക്കുവാൻ കഴിഞ്ഞെങ്കിൽ . . . .

മോട്ടോർ സൈക്കിളിന്റെ ചെകിടടയ്ക്കുന്ന ശബ്ദം കേട്ടപ്പോൾ ഓർത്തു. രാജേന്ദ്രനായിരിക്കുമോ ?

രാജേന്ദ്രനിന്നൊരുപക്ഷെ വരും. ഞാൻ കൊടുത്ത ഫിലിപ്പ്റോത്തിന്റെ "പോർട്ട്നോയി കംപ്ലെയിന്റ്" വായിച്ചുകഴിഞ്ഞിരിക്കും. അദ്ദേഹത്തിന്റെ കഴിവിൽ അത്ഭുതം തോന്നുന്നു. തിരക്കുപിടിച്ച ജോലിത്തിരക്കിനിടയിൽ വലിയ പുസ്തകങ്ങൾപോലും എത്ര വേഗമാണ് വായിച്ചുതീർക്കുന്നത്!

പുസ്തകപ്പുഴുവെന്ന് അമ്മ കളിയാക്കുവാറുള്ള തനിക്കുപോലും ഇത്ര വേഗത്തിൽ വായിക്കുവാനാവില്ല. പണ്ടെന്നോ വായിച്ച നോവലുകളിലെ അപ്രധാനങ്ങളായ കഥാപാത്രങ്ങളെക്കുറിച്ചുപോലും സംസാരിക്കുവാൻ കഴിയുന്ന രാജേന്ദ്രനോട് ബഹുമാനം തോന്നുന്നു.

രാജേന്ദ്രനുമായി പരിചയപ്പെട്ടിട്ട് അടുത്താണ്. പക്ഷെ നൂറ്റാണ്ടുകളായി പരിചയമുള്ളവരെപ്പോലെ അടുത്തുകഴിഞ്ഞു.

വേദനകളുള്ളിലൊതുക്കി, പുഞ്ചിരിക്കുന്ന മുഖം പുറത്തുകാട്ടി, ചുളിവീഴാത്ത ഡ്രസ്സും കൂളിംഗ് ഗ്ലാസുമായി, മോട്ടോർസൈക്കിളിൽ നാടുചുറ്റുന്ന ഇവരോട് സഹതാപമാണ് തോന്നാറ്. ശമ്പളം കണക്കിലധികമുണ്ടെങ്കിലും ഒട്ടും സുഖകരമല്ലാത്ത ഒരു ജോലിയാണത്.

ഡോക്ടർ ജോസഫിനെപ്പോലെ, അവർ ഒപ്പമിരിക്കുന്നതുപോലും കുറ്റമാണെന്നു വിചാരിക്കുന്ന എത്രയെത്ര ഡോക്ടർമാരുടെ പരുഷമായ പെരുമാറ്റം സഹിക്കണം ? അവരും മനുഷ്യജീവികളാണെന്ന കാര്യം വിസ്മരിക്കുന്ന ഡോക്ടർമാരാണ് അധികവും. ഡോക്ടർമാരുടെ താളത്തിനൊത്തു മുന്നോട്ട് നീങ്ങേണ്ട അവർക്ക് സ്വന്തമായൊരു വ്യക്തിത്വമില്ല.

പക്ഷെ രാജേന്ദ്രനെ അത്തരത്തിൽ കാണുവാൻ കഴിയുന്നില്ല. വിശ്വവിഖ്യാതമായ മരുന്നുകമ്പനിയുടെ റപ്രസന്റേറ്റീവ് ആയതുകൊണ്ടല്ല. ആ കണ്ണുകളുടെ മാസ്മരശക്തിയ്ക്കുമുമ്പിൽ പതറിപ്പോകുന്നു. ഹൃദയത്തിൽ നേരിയ ചലനങ്ങളുണ്ടാകുന്നു . . . .

— ഒരു ഡോക്ടർക്ക് ഒരു റപ്രസന്റേറ്റീവിനോട് തോന്നിക്കൂടാത്ത വികാരം . . . .

അതൊരു തെറ്റാണോ ?

ഒരു ഡോക്ടർക്കുചേർന്ന ബന്ധമല്ല ആശിക്കുന്നതെന്നറിയാം. പക്ഷെ നിലയ്ക്കുചേർന്നവരാരും തന്നെ ഇഷ്ടപ്പെടാതെ പോകുകയല്ലെ ഉണ്ടായത് ? . . . .

ഡോക്ടർ ജോസഫിന്റെ ഭാഷയിൽ പറഞ്ഞാൽ ഒരു റപ്രസന്റേറ്റീവ് വെറുമൊരു "ഏഴാംകൂലി"യാണ്.

പക്ഷെ —

മനസ്സ് ആ അതിർവരമ്പുകൾക്കപ്പുറമെത്തിയിരിക്കുന്നു. സ്നേഹസമ്പന്നനായ ഒരു ഭർത്താവിനെയാണാവശ്യം.

ആ ഭർത്താവിനെ പലരിലും കണ്ടു. രഘുവേട്ടനിൽ . . . . ഡോക്ടർ സുരേന്ദ്രനിൽ . . . . പക്ഷെ ആരും തന്റേതായില്ല. രഘുവേട്ടനെ താൻ വലിച്ചെറിഞ്ഞതാണ്. സുരേന്ദ്രൻ തന്നെയും . . . .

ഇപ്പോൾ ആ ഭർത്താവിനെ കാണുന്നത് രാജേന്ദ്രനിലാണ്. സരളയും രമയും ഇതു കേൾക്കുമ്പോൾ അത്ഭുതപ്പെടും. താനിങ്ങനെയൊരു വിവാഹത്തിനു മുതിരുമെന്ന് അവർ സങ്കല്പിച്ചിട്ടുകൂടിയുണ്ടാവില്ല.

ശരിയാണ്. തകർന്നുവീണ സങ്കല്പങ്ങളുമായി നിശ്ശബ്ദയായി കഴിയുവാനായിരുന്നില്ലെ താനാഗ്രഹിച്ചിരുന്നത് ? ഏകാന്തതയിൽ ആശ്വാസം കണ്ടെത്തുവാൻ ശ്രമിക്കുമ്പോഴാണ് രാജേന്ദ്രൻ കടന്നുവന്നത്.

ഇതു മറ്റൊരു വസന്തത്തിന്റെ തുടക്കമല്ലെ! ഇനിയുമൊളിച്ചുവയ്ക്കുക വയ്യ. ഇന്നു വരുമ്പോൾ തുറന്നുപറയും. ഈ സ്നേഹത്തിന്റെ മധുപാത്രം ആ കാലുകളിൽ വെയ്ക്കും.

— നഷ്ടപ്പെട്ട വസന്തങ്ങളെക്കുറിച്ചു ദുഃഖിച്ചിട്ടെന്തു ഫലം? വരാനിരിക്കുന്ന വസന്തത്തെ സ്വാഗതംചെയ്യുകയല്ലെ വേണ്ടതു്?

ഡോക്ടർ സുരേന്ദ്രനുമായുണ്ടായിരുന്ന ബന്ധം അദ്ദേഹം മനസ്സിലാക്കിയിരിക്കുമോ? ആ കാരണംകൊണ്ടു് തന്നെ നിരാകരിക്കുവാനുള്ള ഹൃദയശൂന്യത അദ്ദേഹത്തിനുണ്ടെന്നുതോന്നുന്നില്ല.

ഒരിക്കലും തിരുത്തുവാൻ കഴിയാത്ത ഒരു തെററാണോ ചെയ്തതു്? യുവത്വത്തിന്റെ തള്ളിച്ചയിൽ തെററുകളുടെ കയത്തിലേക്കു് വഴുതിവീഴുകയായിരുന്നു. അതിന്റെ ഫലമാണു് ഇന്നു് അനുഭവിക്കുന്നതു്.

ചുരുണ്ട തലമുടിയും, കുസൃതി നിറഞ്ഞ കണ്ണുകളുമുള്ള ഡോക്ടർ സുരേന്ദ്രൻ ചതിക്കുമെന്നോർത്തില്ല. എത്രയെത്ര വാഗ്ദാനങ്ങൾ! എത്രയെത്ര . . . .

അവയുടെ പുറംപൂച്ചിൽ മയങ്ങിപ്പോയി. തിയേററിലെ എയർകണ്ടീഷൻചെയ്ത ബോക്സിൽ ഉരുമ്മിയിരുന്നു് സിനിമ കാണുമ്പോഴും കടൽപ്പുറത്തെ കുളിർകാറേററു ആ വിരിമാറിൽ തലചായ്ക്കുമ്പോഴും, മനസ്സു് ഒരു നല്ല വിവാഹജീവിതത്തെക്കുറിച്ചുള്ള മോഹനസ്വപ്നങ്ങൾ നെയ്തെടുക്കുകയായിരുന്നു . . . .

അപ്പോഴൊക്കെ തനിക്കുവേണ്ടി കാത്തിരിക്കുന്ന രഘുവേട്ടനെ ബോധപൂർവ്വം മറക്കുവാൻ ശ്രമിച്ചു. പക്ഷെ മഞ്ഞുപൊഴിയുന്ന മധുമാസരാവുകളിൽ പൂത്തുനില്ക്കുന്ന തെച്ചിയുടെ ചുവട്ടിൽ സമ്മേളിക്കുന്ന യുവമിഥുനങ്ങളുടെ ചിത്രം പലപ്പോഴും മനസ്സിൽ പൊന്തിവന്നു.

രഘുവേട്ടന്റെ മുറപ്പെണ്ണായിരുന്നു താൻ. പണ്ടു് മെഡിക്കൽ കോളേജ് ഹോസ്റ്റലിലെ ചെറിയ മുറിയിൽ ആ രഘുവേട്ടന്റെ ചിത്രവും മനസ്സിൽകണ്ടുകൊണ്ടു് ഒരു പെൺകുട്ടി രാത്രിയുടെ ഏകാന്തതയിൽ നിമിഷങ്ങൾ തള്ളിനീക്കിയിരുന്നു. അന്നൊക്കെ, രഘുവേട്ടനെ ഒന്നു കാണുവാൻ, ഒന്നു സംസാരിക്കുവാൻ മനസ്സു വെമ്പൽകൊള്ളുകയായിരുന്നു . . . .

എന്നാൽ —

എം. ഡി. ക്കാരനായ ഡോക്ടർ സുരേന്ദ്രനെ കിട്ടിയപ്പോൾ അകലെ ഒരു മൊട്ടക്കുന്നിന്മേലുള്ള ജൂനിയർ കോളേജിൽ ട്യൂട്ടറായി ജോലിനോക്കുന്ന രഘുവേട്ടനെ സൗകര്യപൂർവ്വം വിസ്മരിക്കുകയായിരുന്നു . . . .

പക്ഷെ മലയാളരാജ്യത്തിൽ രഘുവേട്ടന്റെ കഥ വായിച്ചപ്പോൾ കരഞ്ഞുപോയില്ലെ? മോഹഭംഗങ്ങളുടെ ഇടയിൽക്കിടന്നു വീർപ്പുമുട്ടുന്ന അതിലെ മോഹനൻ രഘുവേട്ടനായിരുന്നു.

അന്നു് രാത്രിയുടെ നിശ്ശബ്ദതയിൽ തേങ്ങിക്കരഞ്ഞു. സ്വയം ആശ്വാസം കണ്ടെത്തുവാൻ ശ്രമിച്ചു. പരാജയമായിരുന്നു ഫലം.

ഒരിക്കൽ രഘുവേട്ടനെഴുതി :

“ . . . . പുതിയ മേച്ചിൽസ്ഥലം കണ്ടെത്തി അല്ലേ? സന്തോഷിക്കുന്നു. പക്ഷെ ഒരുകാലത്തു് അവിടവും ശൂന്യമാകും. അല്ലെങ്കിൽ മറെറാരു ജീവി അവിടേയ്ക്കു കടന്നുവരും . . . . പ്രതിബന്ധങ്ങളെ അതിജീവിക്കുവാനുള്ള കരുത്തു് ലഭിക്കുണ്ടാവട്ടെ . . . .”

രഘുവേട്ടൻ പറഞ്ഞതെത്ര ശരിയായി! പക്ഷെ അന്നൊന്നും സുരേന്ദ്രനിൽനിന്നു് ഇത്തരമൊരു പെരുമാററം സങ്കല്പിക്കുവാൻകൂടി കഴിഞ്ഞില്ല. ഹൃദയങ്ങൾ അത്രമാത്രം അടുത്തുകഴിഞ്ഞിരുന്നു.

മാസങ്ങൾക്കുശേഷം നിറപറയും നിലവിളക്കും സാക്ഷിയാക്കി ചെറിയച്ഛന്റെ മകളുടെ കഴുത്തിൽ രഘുവേട്ടൻ മാല ചാർത്തുന്നതു നോക്കിനില്ക്കുമ്പോൾ വേദനയുടെ കുഞ്ഞലകൾ ഹൃദയതീരങ്ങളിൽ അടിച്ചുയർന്നില്ലേ? വിലപ്പെട്ട ഒന്നു നഷ്ടപ്പെട്ട പ്രതീതിയായിരുന്നു അന്നു്.

പക്ഷെ കൈവരാനുള്ള മുതലിനെക്കുറിച്ചോർത്തപ്പോൾ ആ ദുഃഖമെല്ലാം എങ്ങോ പോയ്മറഞ്ഞു.

അപ്രതീക്ഷിതമായാണു് അദ്ദേഹത്തിന്നു് ഉപരിപഠനത്തിന്നുള്ള സ്കോളർഷിപ്പു കിട്ടിയതു്. വീട്ടുകാർ വിവാഹത്തിന്നു ധൃതികൂട്ടി. പക്ഷെ പെട്ടെന്നു് അമ്മ കിടപ്പിലായി. ഒരു വിവാഹത്തിന്നു പററിയ സമയമല്ലായിരുന്നു അതു്. അവസാനം കാമുകരായിത്തന്നെ യാത്രപറയേണ്ടിവന്നു . . . .

എയറോഡ്രോമിൽവെച്ചു യാത്രപറയുമ്പോൾ പുറത്തുതട്ടി അദ്ദേഹം പറഞ്ഞു :

“നമുക്കു കാത്തിരിക്കാം . . . .”

അപ്പോൾ ആ മാറിൽ മുഖമമർത്തി കരയുവാനേ കഴിഞ്ഞുള്ളൂ. നീലാകാശത്തിലേക്കു പറന്നുപൊങ്ങുന്ന എയർ ഇന്ത്യയുടെ സൂപ്പർസോണിക് വിമാനം നിറഞ്ഞ കണ്ണുകളോടെ നോക്കിനില്ക്കുമ്പോൾ ദുഃഖത്തിന്റെ താഴ്‌വരകളിലേക്കു താണുപോകുകയായിരുന്നു, മനസ്സ്.

അദ്ദേഹത്തിനുവേണ്ടി കാത്തിരുന്നു. ദിവസങ്ങൾ നിരർത്ഥകങ്ങളായിത്തോന്നി. അദ്ദേഹം കത്തുകൾ മുറയ്ക്കയച്ചുകൊണ്ടിരുന്നു. അതു മാത്രമായിരുന്നു ഒരാശ്വാസം.

പക്ഷേ കാററു പെട്ടെന്ന് വഞ്ചിയ്ക്കെതിരെ തിരിഞ്ഞു. പല പ്രാവശ്യമെഴുതിയിട്ടും അദ്ദേഹം മറുപടിയെഴുതിയില്ല. മനസ്സിൽ സംശയങ്ങൾ തലപൊക്കി.

സംശയം ശരിയായിരുന്നു. അമേരിക്കയിലെ ഒരു ലേഡിഡോക്ടറെ അദ്ദേഹം വിവാഹംചെയ്തുവെന്നറിഞ്ഞപ്പോൾ തരിച്ചുനിന്നു. ഒരിക്കലും പ്രതീക്ഷിക്കാത്ത ഒരാഘാതമായിരുന്നു അത്.

ഇന്നൊരുപക്ഷേ രഘുവേട്ടൻ തന്നെ പരിഹസിക്കുന്നുണ്ടാവും. തന്റെ പതനത്തിൽ ആഹ്ലാദിക്കുന്നുണ്ടാവും — ആയിക്കൊള്ളു രഘുവേട്ടാ . . . ഞാനതർഹിക്കുന്നു . . . . തെറെറവിടെയാണെന്ന് ഞാൻ മനസ്സിലാക്കുന്നു . . . . എങ്കിലും മനസ്സിൽ നിന്ന് ഈ പെൺകുട്ടിയുടെ ചിത്രം ഇത്രവേഗം തുടച്ചുമാററുവാൻ സുരേന്ദ്രനെങ്ങിനെ കഴിഞ്ഞു ? (അല്ലെങ്കിൽ എന്തിനദ്ദേഹത്തെ കുററം പറയണം ? ബാല്യംമുതല്ക്കേ ഒന്നിച്ചു കളിച്ചുവളർന്ന രഘുവേട്ടനെ മറക്കുവാൻ തനിക്കു കഴിഞ്ഞില്ലേ ? . . . . )

മോഹഭംഗങ്ങളുടെ നീണ്ട പട്ടികയാണ് കഴിഞ്ഞ കാലം. ആശിച്ചതൊന്നും നേടാൻ കഴിഞ്ഞില്ല. പലതും നഷ്ടപ്പെടുകയും ചെയ്തു.

ഈ ചരിത്രം ഇനിയുമാവർത്തിക്കപ്പെടുമോ ? ഇരുട്ടു തളംകെട്ടിനില്ക്കുന്ന മനസ്സിൽ വെളിച്ചത്തിന്റെ വെള്ളിരേഖകൾ കടന്നുവരില്ലേ ? . . . .

താനുമൊരു സ്ത്രീയാണ്. എന്നും കന്യകയായി കഴിയണമെന്നാണോ ? ആ ജീവിതത്തിനെന്തു സാഫല്യമാണുള്ളത് ?

അടുത്തുവരുന്ന 'ജാവ'യുടെ ശബ്ദം കേട്ടപ്പോൾ മനസ്സു തുടിച്ചു. അതദ്ദേഹമാണ്, രാജേന്ദ്രൻ !

വേഗം കോണിയിറങ്ങി താഴേക്കു ചെന്നു. മഞ്ഞ ടെറിലിനും റയേൺ പാൻറ്സും ധരിച്ച്, കഴുത്തിൽ ബട്ടർഫ്ളൈ ടൈയും കെട്ടി പുഞ്ചിരിച്ചുനില്ക്കുന്ന രാജേന്ദ്രനെ ഒരു നിമിഷം നോക്കിനിന്നു.

"Good morning, Doctor . . . ."

"Good morning, ഇരിക്കൂ . . . ." ശബ്ദം പതറുന്നുണ്ടോ ?

സെററിയിൽ, വശംചെരിഞ്ഞിരിക്കുന്ന രാജേന്ദ്രൻ, രഘുവേട്ടനേക്കാൾ, ഡോക്ടർ സുരേന്ദ്രനേക്കാൾ സുന്ദരനാണെന്നുതോന്നി.

"പിന്നെ ഞാൻ നോവൽ വായിച്ചു. A Splendid one indeed . . . ."

കറുത്ത ബാഗിൽനിന്ന് പുസ്തകം പുറത്തെടുത്തു കയ്യിൽ തരുമ്പോൾ മനഃപൂർവ്വം വിരലുകളിൽ സ്പർശിക്കുവാൻ ശ്രദ്ധിച്ചു.

"I would like to have another one, Doctor . . . ."

"രാജൂ . . . ." അവൾ വിളിച്ചു, മോഹാർത്തയായ കാമുകിയെപ്പോലെ.

"യെസ്"

"എന്നെ ഡോക്ടറെന്നു വിളിക്കരുത് . . . ."

"പിന്നെ ?"

"പേരു വിളിക്കൂ . . . ."

"അത് . . . ."

"പ്ലീസ് . . . . ഒന്നു വിളിക്കൂ . . . . രാജൂ . . ."

അയാളുടെ കണ്ണുകളിൽ അത്ഭുതം നിഴലിച്ചിരുന്നു. ആ മുഖം തുടുത്തിരിക്കുന്നതവൾ കണ്ടു.

"വിളിക്കില്ലേ ? . . . ."

ചോദ്യം വീണ്ടും ആവർത്തിക്കപ്പെട്ടു.

"I respect you, Doctor. അതുകൊണ്ട് . . ."

"നിങ്ങൾക്കെന്നെ സ്നേഹിക്കുവാൻ കഴിയില്ലേ ? . . . . നിങ്ങളുടെ ജീവിതസഖിയായി എന്നെ കാണുവാൻ കഴിയില്ലേ ? . . . ."

"ഡോക്ടർ . . . .!!"

"കഴിയില്ലേ ? . . . ."

അവൾ കിതയ്ക്കുകയായിരുന്നു.

''ക്ഷമിക്കു, ഡോക്ടർ . . . . എൻെറ വിവാഹം നിശ്ചയിച്ചുകഴിഞ്ഞു — ഞാൻ സ്നേഹിക്കുന്ന പെൺകുട്ടിയെത്തന്നെ . . . . എന്നെപ്പോലെയുള്ള വരെക്കുറിച്ച് ഡോക്ടർ ചിന്തിക്കുവാൻകൂടി പാടി ല്ലാത്തതാണ് . . . .''

അവൾക്കു പൊട്ടിക്കരയണമെന്നു തോന്നി. പക്ഷെ കണ്ണുകൾ നിറഞ്ഞില്ല. ഒരു തേങ്ങൽ പോലും തൊണ്ടയിൽമുട്ടിത്തിരിഞ്ഞില്ല.

''പോകു പുറത്ത് . . . .''

സകല ശക്തിയും സംഭരിച്ചുകൊണ്ടവൾ അലറി. തരിച്ചുനില്ക്കുന്ന അയാളെ നോക്കി ഒരു ഭ്രാന്തിയെപ്പോലെ വീണ്ടും അലറി: ''പോകാനാണ് പറഞ്ഞതു് . . . .''

ഒന്നും മിണ്ടാതെ, തലയും താഴ്ത്തി മോട്ടോർ സൈക്കളിന്നടുത്തേക്കുനീങ്ങുന്ന അയാളെനോക്കി അവൾ നിശ്ചലയായി നിന്നു.

അകന്നുപോകുന്ന മോട്ടോർസൈക്കളിൻെറ ശബ്ദം കേട്ടപ്പോൾ കരയാതിരിക്കുവാൻ കഴിഞ്ഞില്ല . . . .

സോഫാകംബസ്സിലേക്കു തളർന്നുവീണു. പിന്നെ തേങ്ങിത്തേങ്ങിക്കരഞ്ഞു . . . .

# ഒളിച്ചുകളി

എ. ആയിഷ, I P. D. C.

“ശാരുമോളേ, കുഞ്ഞുമോനെ കണ്ടോ?”

‘ഓ! അമ്മേം ചേച്ചീംകൂടെ മോനെ തെരയാണ്. തെരയട്ടെ! നല്ലോണം തെരയട്ടെ! ശാരുമോളെ നുള്ളിയാൽ അങ്ങനെയൊക്കെ വരും’ അവൾ വിചാരിച്ചു. ‘ശാരുമോളെ ഒരു കൊല്ലം കണ്ടില്ലേലും ആർക്കും ഒന്നുംല്ല. കുഞ്ഞുമോനെ ഇത്തിരിനേരം കാണാതായാൽ ചേച്ചിക്കെന്തു വെപ്രാളം.’

‘കുറച്ച് ദെവസം മുമ്പ് ചേച്ചീയും മോനും കൂടെ വന്നേപ്പിന്നെയാ അമ്മക്ക് മോളെ കണ്ടൂടാതായത്. കുഞ്ഞുമോനാത്രെ! ഇപ്പള് ചേച്ചീടെ വെപ്രാളം ഒന്നു കാണട്ടെ. നല്ല രസംണ്ടാവും’ അവൾ കരുതി.

‘ഇന്നലെ ചോറും കറിയുംവെച്ചു കളിക്കുമ്പം മോൻ വീണേനല്ലേ ശാരുമോളെ ചേച്ചി കണ്ണുരുട്ടി പേടിപ്പിച്ചത്, അമ്മ കൈക്ക് നല്ലൊരു നുള്ള്‌വെച്ചുതന്നത്. കയ്യൊന്നു തട്ടീയപ്പം ആ ‘പൊന്നുമോൻ’ പൊത്തോന്ന് ഒരു വീഴ്ച. താൻ തള്ളീട്ടതാത്രെ! അല്ലേലും ചേച്ചി കള്ളിയാ! നല്ലോണം കളവ് പറയും.’

അവൾ അമ്മ നുള്ളിയ സ്ഥലം തടവി. ‘ഹൌ! ഇപ്പോഴും വേദനയുണ്ട്. അമ്മയോട് ഇനി മിണ്ടൂല്ല. ഇന്നലെ ചേട്ടൻ കൊണ്ടോന്ന ബിസ്കറ്റൊക്കെ അമ്മ കുഞ്ഞുമോന് കൊടുത്തില്ലെ! എന്നിട്ട് നാലെണ്ണം മോക്ക് തന്നു ഈ അമ്മക്ക് ഇത്തിരിയെങ്കിലും സ്നേഹമില്ല മോളേ. അച്ഛനാ മോളോട് സ്നേഹം. അമ്മക്ക് ചേച്ചീടെ സ്വർണ്ണക്കുട്ടനെ മതിയായിരിക്കും. എവിടന്നാണാവോ ചേച്ചിക്ക് ഈ അശ്രീകരത്തിനെ കിട്ടിയത്.’

“അല്ലാ! ഇവനെവടയാ പോയത്? ഈ വീട്ടിലിനി ഒരെടത്തും നോക്കാനില്ലല്ലോ. ഒന്നു വടക്കെ വീട്ടിപ്പോയി നോക്കൂ കുട്ടാ.” ‘ഓ! അമ്മക്കും തൊടങ്ങി പരിഭ്രമം. വീട്ടിലിനി ഒരെടത്തും നോക്കാനില്ലത്രെ! അമ്മ മോളിരിക്കണ പെട്ടീടുള്ളില് നോക്കീട്ടില്ല. നോക്കിയാ മോനെ കാണാരുന്നില്ലെ. അമ്മ മോളെ എപ്പളും മണ്ടീന്ന് പറയാറല്ലോ. അമ്മ തന്നെയാ മണ്ടി. മണ്ടിയല്ലേല് അമ്മക്ക് മനസ്സിലാവ്വാരുന്നില്ലെ മോള് കുഞ്ഞുമോനെ പെട്ടീല് ഒളിപ്പിച്ചതാന്ന്. അമ്മ ശാരുമോളെ എന്താ കരുതീത്!’

‘ഒറക്കം വരുന്നല്ലോ. പെട്ടീന്റെ മോളിത്തന്നെ ഒറങ്ങട്ടെ. അല്ലെങ്കില് അമ്മ കുഞ്ഞുമോനെ കണ്ടുപിടിച്ച്കളയും.’ അവൾ കൈത്തണ്ട തലയിണയാക്കി അവിടെത്തന്നെ കിടന്നുറങ്ങി.

‘എന്താ ഒരു ശബ്ദം കേട്ടത്? മോള് കൊറേ നേരം ഒറങ്ങിപ്പോയീന്ന് തോന്നുണു. മോളെ ആരാ പെട്ടീന്റെ മോളീന്ന് മാറ്റിക്കിടത്തിയത്? ഇപ്പം മോള് പായിലാണല്ലോ! ഏ! ആരാ നെലോളിക്കണ ശബ്ദം കേട്ടത്? നോക്കട്ടെ!’

അയ്യോ! ചേച്ചീം ചേട്ടനും അമ്മേംകൂടി പൊട്ടിക്കരയ്യാണ്. ചേട്ടനെപ്പളാ വന്നത്? ചേച്ചീടെ മടീല് കുഞ്ഞുമോനാണല്ലോ! അപ്പൊ അമ്മ കുഞ്ഞുമോനെ കണ്ടുപിടിച്ചുകളഞ്ഞു! വൈന്നേരം ആയല്ലോ. മോനെ കളിക്കാൻ വിളിക്കട്ടെ!’

‘കുഞ്ഞുമോനെന്താ അനങ്ങാതെ കെടക്കണത്? വികൃതിയൊക്കെ മാറി നല്ല കുട്ടിയായല്ലോ! അല്ലാ! മോൻ കണ്ണടച്ചിട്ടുണ്ടല്ലോ! കഴി

ഞ്ഞമാസം വടക്കേലെ മുത്തശ്ശി ഇങ്ങനെ കെടന്നീന്. എന്നിട്ട് എല്ലാരുംകൂടി മുത്തശ്ശീനെ എവടേക്കോ കൊണ്ടോയി. മോള് ചോദിച്ചപ്പം കുട്ടൻ പറഞ്ഞു മുത്തശ്ശീനെ സ്വർഗ്ഗത്തീക്കൊണ്ടു പോയീന്ന്. മോനേം കൊണ്ടുപോവോ സ്വർഗ്ഗത്തിൽക്ക്? മോനേ കൊണ്ടുപോണ്ടാന്ന് കുട്ടനോട്ട് പറേണം. മോൻ പോയാ മോക്ക് കളിക്കാനാരൂല്ലല്ലോ. അല്ലാ! കുട്ടനും കരേണ്ണ്ടോ? എന്താ ഇത്?' അവൾ എല്ലാവരുടെയും മുഖത്തു നോക്കി മിഴിച്ചുനിന്നു.

# പരാജിത

മുംതാസ് ഇ എം, Ist B. Sc. (Botany)

ഇന്നു താൻ ഏകയാണു്. ഈ ഏകാന്തത തനിക്കു സമ്മാനിച്ചതു തന്റെ പ്രിയപ്പെട്ട മകളാണു്. തന്റെ എല്ലാമായിരുന്ന പ്രിയപ്പെട്ട മകൾ. അവൾ തന്നെ ഉപേക്ഷിച്ചു പോയി. അതോ, അവളുടെ കാമുകന്റെകൂടെ. അവൾക്കു വേണ്ടി മാത്രമാണു് ഇത്രയുംനാൾ അദ്ധ്വാനിച്ചു ജീവിച്ചതു്. അവൾക്കുവേണ്ടി മാത്രം. എന്നിട്ടിതാണു് തനിക്കു കിട്ടിയ പ്രതിഫലം. "എങ്കിലും, എന്റെ ബിന്ദു നീ അമ്മയോടിതു ചെയ്തല്ലോ." ശാരദ ആരോടെന്നില്ലാതെ പുലമ്പി. അവൾ പൊട്ടിപൊട്ടിക്കരഞ്ഞു. ഈ ഏകാന്തത, തന്നെ ഭ്രാന്തുപിടിപ്പിക്കുമോ? ഈ ഏകാന്തതയിൽ അലിഞ്ഞലിഞ്ഞു് താൻ ഇല്ലാതായെങ്കിൽ എന്നു് ആശിച്ചുപോയി. ജീവിതത്തിന്റെ ഈ അന്തിമയാമത്തിലേററ ആഘാതം തനിക്കു സഹിക്കാവതല്ല. ഹൊ, ദൈവമേ, ഈ വിസ്തൃതമായ ലോകത്തിൽ തന്നെ സമാശ്വസിപ്പിക്കാൻ ആരുമില്ലല്ലോ? തന്റെ ഏതു ദുഃഖത്തിലും പങ്കുചേരുവാനും തന്നെ സമാശ്വസിപ്പിക്കാനും ഒരാളുണ്ടായിരുന്നു. തന്റെ പ്രിയപ്പെട്ട ഭർത്താവു്. ആ സ്നേഹനിർഭരന്റെ ജീവനും നാളുകൾക്കുമുമ്പേ പൊലിഞ്ഞുപോയി. ഇതൊന്നും ആ മനുഷ്യനു് കാണേണ്ടിവന്നില്ല. ഭർത്താവിന്റെ എരിഞ്ഞടങ്ങിയ ചിത വീടിന്റെ പൂമുഖത്തിരുന്നാൽ കാണാം. ആ ഭാഗത്തേക്കു കണ്ണുംനട്ടുകൊണ്ടു് അവൾ പൂമുഖത്തിരുന്നു. നിറയെ പാലപ്പൂക്കൾ ചിതയുടെ സമീപം വീണുകിടപ്പുണ്ടു്. സന്ധ്യക്കു താനർപ്പിച്ച മുല്ലപ്പൂക്കൾ വാടിത്തുടങ്ങി. രവിയേട്ടനേററവും ഇഷ്ടപ്പെട്ടിരുന്ന മുല്ലപ്പൂക്കൾ. നിഷ്കളങ്കതയുടെ നിറകുടങ്ങളായ പൂക്കൾ. ഭർത്താവിനെക്കുറിച്ചോർക്കുന്തോറും അവളുടെ ചിന്ത ഭൂതകാലത്തിലേക്കൊണ്ടു പോയി. നിർമ്മലഹൃദയനായ രവിയേട്ടനുമായി കഴിഞ്ഞ ആ സുന്ദരവർഷങ്ങൾ! അവ ഇനി തിരിയെ വരുമോ? മറക്കാൻ കഴിയാത്ത ജീവിതമായിരുന്നില്ലെ അതു്. മാഞ്ഞുപോയ ആ സുവർണ്ണകാലത്തെ മനംമയക്കുന്ന വിവിധരംഗങ്ങൾ വർണ്ണപ്പകിട്ടു വീശിക്കൊണ്ടു് ഒരു ചലച്ചിത്രത്തിലെന്നവണ്ണം അവളുടെ മനസ്സിലൂടെ കടന്നുപോയി. ചിന്തിക്കരുതെന്നു പലപ്പോഴും ആശിച്ചിട്ടുള്ളതാണു്. പക്ഷേ വേദനയുടെ കാന്തമണ്ഡലത്തിലേക്കു പറന്നുപോകാൻ മനസ്സിനു് എന്തൊരു പ്രവണതയാണു്.

എങ്ങിനെയാണു തങ്ങൾ കണ്ടുമുട്ടിയതു്. അന്നൊരു ചിങ്ങമാസമായിരുന്നു. വർഷങ്ങൾക്കു മുൻപു്!!! ഇതുപോലൊരു ചിങ്ങമാസത്തിലെ പൊന്നോണനാളിൽ കുളിച്ചു്, ഈറൻവസ്ത്രമണിഞ്ഞു്, അനിയത്തി രമയോടൊപ്പം അമ്പലത്തിലേക്കു പോവുകയായിരുന്നു. വഴിനീളെ ഒരായിരം ചോദ്യങ്ങൾ ചോദിച്ചു് അവൾ ചേച്ചിയെ വീർപ്പുമുട്ടിക്കും. എല്ലാററിനും സമാധാനം പറഞ്ഞില്ലെങ്കിൽ അവൾ ശാരദചേച്ചിയോടു പിണങ്ങും.

"ചേച്ചീ, ചേച്ചീ ആ നില്ക്കുന്ന ആൾ ചേച്ചിയെ സൂക്ഷിച്ചുനോക്കുന്നതു കണ്ടോ? ചേച്ചി അറിയുമോ?" അവൾ കൈചൂണ്ടിയ ഭാഗത്തേക്കു താനൊന്നു നോക്കി. ശരിയാണു്. ഒരു യുവകോമളൻ. "അതാരാണു ചേച്ചി" രമ പിന്നെയും തുടങ്ങി ചോദ്യം. "ആവോ, എനിക്കറിയില്ല.

വഴിയിൽ കാണുന്നവരെയെല്ലാം ഞാൻ അറിയുമോ ? നീ വേഗമിങ്ങു നടക്കു കുട്ടീ.'' അല്പം ദ്വേഷ്യത്തോടെയെന്നവണ്ണമാണ് അപ്രകാരം പറഞ്ഞതു്. രമ പിന്നെ കൂടുതലായി ഒന്നും ചോദിച്ചില്ല.

പിറേറന്നു്, ആൽത്തറയ്ക്കലെത്തിയപ്പോൾ തൻെറ കണ്ണുകൾ നാലുപാടും തിരഞ്ഞു. ആരെയോ അന്വേഷിക്കുന്നതുപോലെ. അന്നും തമ്മിൽ കണ്ടു. അങ്ങിനെ എന്നും കാണുക പതിവായി. ആ സമാഗമം കൂടിക്കൂടിവന്നു. ഇരുവരുടെയും ഹൃദയത്തിൽ തങ്ങളറിയാതെതന്നെ പ്രേമത്തിൻെറ ഒരു കൈത്തിരിനാളം കത്തുവാൻ തുടങ്ങി.

കാററടിച്ചു്, മരത്തിൻെറ ചില്ലകൾ ഇളകുന്ന ശബ്ദംകേട്ടു് അവൾ ചിന്തയിൽനിന്നുണർന്നു. ഒരിക്കൽ ഈ കൊച്ചുഗ്രാമത്തിൻെറ സൗന്ദര്യം തന്നെ വളരെയധികം ആകർഷിച്ചിരുന്നില്ലേ. എന്നാൽ ഇന്നു തനിക്കിവിടെ ഒരു സൗന്ദര്യവും ദർശിക്കാൻ സാധിക്കുന്നില്ല. അവളുടെ ചിന്തകൾ വീണ്ടും കാടുകയറി.

ആ ദിവസം! അതു തനിക്കു മറക്കാൻ സാധിക്കുകയില്ല. അന്നു താൻ ഒററയ്ക്കാണു് അമ്പലത്തിലേക്കു പോയതു്. ചുരുണ്ടുനീണ്ട തലമുടി അററത്തുകെട്ടി, അതിലൊരു തുളസിക്കതിരും ചൂടി അമ്പലത്തിലേക്കു പുറപ്പെടുന്ന സമയത്തു് അദ്ദേഹം ആൽത്തറയ്ക്കലുണ്ടാവണേ എന്ന പ്രാർത്ഥനയായിരുന്നു തൻെറ മനസ്സിൽ. ഈശ്വരൻ ആ പ്രാർത്ഥന കൈക്കൊണ്ടുകാണും. ദൂരെവെച്ചുതന്നെ അദ്ദേഹം ആൽത്തറയ്ക്കൽ നില്ക്കുന്നതു താൻ കണ്ടു. സമീപം എത്തിയപ്പോൾ അദ്ദേഹം ചോദിച്ചു.

''ഇന്നു ശാരദ ഒററയ്ക്കാണോ ?''

''അതെ''

''ശാരദയ്ക്കു് എൻെറ പേരറിയേണ്ടേ ?''

വേണമെന്നും, വേണ്ടെന്നും പറഞ്ഞില്ല.

''എൻെറ പേർ രവികുമാർ എന്നാണു്. കുറച്ചു ദിവസങ്ങൾക്കുമുൻപു വളരെ അപ്രതീക്ഷിതമായാണു ഞാൻ ശാരദയെ കണ്ടതു്. അതിനുശേഷം ശാരദയെ കാണുവാനായി മാത്രം ഞാൻ ഇവിടെ വരാറുണ്ടു്. ശാരദയെ ഞാൻ ഇഷ്ടപ്പെടുന്നു.'' അന്നു പിന്നെ പലതിനെക്കുറിച്ചും സംസാരിച്ചു.

അങ്ങിനെ വർഷം ഒന്നു കഴിഞ്ഞു. ഇതിനിടയിൽ അകലാൻ കഴിയാത്തവിധം തങ്ങൾ അടുത്തുപോയി. ആ സ്നേഹം അനന്തവിശാലമായ ചക്രവാളത്തേക്കാൾ വിസ്തൃതമായിരുന്നു. സമുദ്രത്തിൻെറ അഗാധതയേക്കാൾ അഗാധമായിരുന്നു. ഒരു ധനാഢ്യകുടുംബത്തിലെ അംഗമായിരുന്നു താൻ. രവിയാകട്ടെ ഒരു സാധുകുടുംബത്തിലേയും. തൻെറ അച്ഛൻ താൻ വളരെ കുഞ്ഞായിരിക്കുമ്പോൾതന്നെ മരിച്ചു. അതിനുശേഷം നല്ലവനും ധനാഢ്യനുമായ അമ്മാവൻെറ കീഴിലാണു താനും അമ്മയും അനിയത്തിയുമടങ്ങുന്ന ആ കുടുംബം കഴിഞ്ഞുപോന്നതു്.

ഈ പ്രേമകഥ എങ്ങിനെയോ വീട്ടുകാരറിഞ്ഞു. എന്തിനധികം? ഒടുവിൽ അമ്മാവൻെറ ചെവിയിലുമെത്തി. ഒരു ദിവസം കലിതുള്ളിക്കൊണ്ടു് അമ്മാവൻ പൂമുഖത്തു അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നതാണു താൻ കണ്ടതു്. ''എടീ നീ ഇപ്പോഴിറങ്ങണം എൻെറ വീട്ടിൽനിന്നു്. അങ്ങിനെ കണ്ടവനൊന്നും വലിഞ്ഞുകയറാനുള്ളതല്ല എൻെറ വീടു്. ഇവിടെനിന്നു ഇറങ്ങിപ്പോയാൽ, പിന്നീടു് ഈ വീട്ടിൽ കയറാമെന്നും നീ ആഗ്രഹിക്കേണ്ട''. അമ്മാവൻ പറഞ്ഞതുകേട്ടു് താൻ അത്ഭുതപ്പെട്ടുപോയി. ''എടീ, മീനാക്ഷി, നിനക്കും പോകണോ, നിൻെറ മകളുടെക്കൂടെ? വേണമെങ്കിൽ പൊയ്ക്കോ.'' പാവം അമ്മ. ഇതിനിടയിൽകിടന്നു് അവരുടെ ഹൃദയം വീർപ്പുമുട്ടുകയായിരുന്നു. ഒരുഭാഗത്തു തൻെറ കാണപ്പെട്ട ദൈവമായ സഹോദരൻ. മറുഭാഗത്തു പ്രിയപ്പെട്ട മകൾ. അമ്മയെ വിട്ടുപോരുന്നതിൽ തൻെറ ഹൃദയം എന്തുമാത്രം വേദനിച്ചു. പക്ഷെ എല്ലാററിനേയും, എല്ലാവരെയും ഉപേക്ഷിച്ചു് ആ വലിയ വീട്ടിൽ നിന്നു് അവസാനം ഇറങ്ങിപ്പോരുകയല്ലേ ചെയ്തതു് ?

ഒരു നെടുവീർപ്പു് അവളിലൂടെ കടന്നുപോയി. മനസ്സിനെ മുറിവേല്പിക്കുന്ന ഓർമ്മകളേ നിങ്ങൾ എത്ര നിർദ്ദയരാണു്. കൂടുതൽ ചിന്തിക്കാൻപോലും ശേഷിയില്ലെനിയ്ക്കിപ്പോൾ.

വളരെ കഷ്ടപ്പെട്ടുകഴിഞ്ഞിരുന്ന ഒരു കുടുംബമായിരുന്നു അദ്ദേഹത്തിൻേറതു്. വൃദ്ധയും രോഗിയുമായ അമ്മയും, രവിയുമടങ്ങുന്ന ഒരു കുടുംബം. തന്നെ ആ സാധുസ്ത്രീയ്ക്കു് വളരെ ഇഷ്ടപ്പെട്ടു

താനാകട്ടെ സ്വന്തം അമ്മയെപ്പോലെ അവരെ സ്നേഹിച്ചു ശുശ്രൂഷിച്ചു.

തങ്ങളുടെ ദാമ്പത്യവല്ലരിയിലുണ്ടായ ആദ്യത്തെ ഫലമായിരുന്നു ബിന്ദുമോാം. കുസൃതിക്കുട്ടിയായ ബിന്ദുമോളുടെകൂടെ സ്നേഹനിധിയായ ആ പിതാവു് ഏറെനേരം ചിലവഴിക്കാറുണ്ടു്. വിശുദ്ധിയുടെ നിസ്തുലമായ ഒരു ദീപ്തിപ്രസരം അന്നു് ആ വീടിന്റെ അന്തരീക്ഷത്തിൽ നിറഞ്ഞു നിന്നിരുന്നു. ലാളനയുടെ ഇടയിൽ ദുഃഖമെന്തെന്നറിയാതെ ബിന്ദുമോാം വളന്നു. പക്ഷെ ആ സന്തോഷം അധികംനാാം നീണ്ടുനിന്നില്ല. രവിയുടെ അമ്മയ്ക്കു് പെട്ടെന്നാണു ദീനം വദ്ധിച്ചതു്. പലരും ചികിത്സിച്ചു. രവി, തന്റെ കഴിവിന്റെ പരമാവധി ചെയ്തു. പക്ഷെ ഒടുവിൽ വാത്സല്യത്തിന്റെ പര്യായമായിരുന്ന ആ അമ്മ മരിച്ചു.

അമ്മയ്ക്കുവേണ്ടി അദ്ദേഹം എന്തുമാത്രം പണം ചിലവഴിച്ചു. വേണ്ടത്രത്തക്ക വരുമാനവും ഉണ്ടായിരുന്നില്ല. ദാരിദ്ര്യത്തിനിടയിൽപ്പെട്ട ഈ കുടുംബം ഉലഞ്ഞില്ല. അല്പസമയമെങ്കിലും അദ്ദേഹം ജീവിതത്തിൽ ആശ്വാസം കണ്ടെത്തിയിരുന്നെങ്കിൽ അതു ബിന്ദുമോളെ കാണുമ്പോാം, അവളുടെ കുഞ്ഞടികാംവച്ചുള്ള നടത്തം കാണുമ്പോാം, കൊഞ്ചിക്കൊഞ്ചിയുള്ള സംസാരം കോംക്കുമ്പോാം മാത്രമായിരുന്നു. നിഷ്ക്കളങ്കമായ ആ പുഞ്ചിരിക്കുമുൻപിൽ അദ്ദേഹം അല്പനേരത്തേക്കെങ്കിലും മറ്റെല്ലാ കഷ്ടപ്പാടുകളും മറക്കുമായിരുന്നു. തന്നെ കാണുമ്പോാം ആ മുഖം വീണ്ടും ദുഃഖനിമഗ്നമാവുന്നതു കാണാം. പക്ഷെ തന്റെ നിമ്മലമായ പെരുമാററത്തിനും സ്നേഹത്തിനും ഒരു കുറവും വരുത്തിയിരുന്നില്ല. എല്ലാററിനേയും തരണംചെയ്യുവാനുള്ള കരുത്തു് തനിക്കുണ്ടായിരുന്നു. ജീവിതത്തിൽ ദുഃഖവും സുഖവുമുണ്ടെന്നു തനിക്കറിയാമായിരുന്നു. എങ്കിലും തന്റെ വദനത്തിലവശേഷിച്ചിരുന്ന പുഞ്ചിരിക്കു പിന്നിൽ ഒരു ശോകച്ഛായയില്ലേ എന്നു് അദ്ദേഹം സംശയിച്ചിരുന്നതായി തനിക്കു തോന്നിയിരുന്നു.

തനിക്കു ദുഃഖമുണ്ടായിരുന്നു. അതു് അമ്മയെ, അനുജത്തിയെ എല്ലാം കുറിച്ചോക്കുമ്പോളായിരുന്നു. വീട്ടിലെ വിശേഷങ്ങളെല്ലാം അയലത്തെ നാണിയമ്മവഴി അറിഞ്ഞിരുന്നു. അമ്മയെ ഒന്നു കാണുവാൻ താൻ എത്ര ആഗ്രഹിച്ചു? നിദ്രാവിഹീനങ്ങളായ നിശ്ശബ്ദങ്ങളായ, ഇതുപോലെയുള്ള എത്ര രാത്രികളിൽ താൻ, തന്റെ ആത്മാവിന്റെ അവസ്ഥാഭരിതങ്ങളായ, ദുഃഖമയങ്ങളായ തേങ്ങലുകളെ അമ്മയുടെ സമീപത്തേക്കു പറഞ്ഞയച്ചിട്ടുണ്ടു്.

മാനസികമായും ശാരീരികമായും അദ്ദേഹം തളരുകയായിരുന്നു. നാാംക്കുനാാം ആ ശരീരം ക്ഷീണിച്ചുവന്നു. ഒരു ഡോക്ടരെ കാണുവാൻ താൻ ആവുംവിധം പറഞ്ഞുനോക്കി. പക്ഷെ ആരു കൂട്ടാക്കാൻ? ഒടുവിൽ കാലത്തിന്റെ കരാളഹസ്തങ്ങാം ആ ജീവൻ അപഹരിച്ചു. അവസാനനിമിഷങ്ങളിൽ മാത്രമായിരുന്നു താൻ അറിയുന്നതു്, ക്യാൻസറായിരുന്നുവെന്നു്. അദ്ദേഹത്തിന്റെ വേർപാടു തന്റെ ഹൃദയത്തിൽ കാലത്തിനുപോലും തുടച്ചുനീക്കാൻ കഴിയാത്ത ഒരു മുറിവാണുണ്ടാക്കിയതു്.

ആ രാത്രിയുടെ പേടിപ്പെടുത്തുന്ന നിശ്ശബ്ദത തന്റെ വൈകാരികമണ്ഡലങ്ങളെ വല്ലാതെ ഊഷ്മളപ്പെടുത്താൻ പര്യാപ്തമായിരുന്നു.

അദ്ദേഹത്തിന്റെ മരണശേഷമുള്ള തന്റെ ജീവിതം കഷ്ടപ്പാടുകാംക്കിടയിലൂടെയുള്ള ഒരു തീച്ചൂളയായിരുന്നു. പക്ഷെ ബിന്ദുവിനുവേണ്ടി എല്ലാം സഹിച്ചു. കഷ്ടപ്പെട്ടു ബിന്ദുവിനെ പഠിപ്പിച്ചു. നിത്യവൃത്തിയ്ക്കായി താൻ കൂലിപ്പണി പോലും ചെയ്തു. പക്ഷെ ആരോടും ഒന്നിനും ഇരന്നില്ല. ബിന്ദുവാണെങ്കിൽ പഠിക്കാൻ മിടുക്കിയുമായിരുന്നു.

ഒരിളംകാററു് അവളെ തഴുകിക്കൊണ്ടു കടന്നുപോയി. ആ കാററിനു് മുല്ലപ്പൂക്കളുടെയും പാലപ്പൂക്കളുടെയും ഗന്ധമുണ്ടായിരുന്നു.

ഒരു ദിവസം ഒരു ദുഃഖവാത്തയുമായാണു് അയലത്തെ നാണിയമ്മ തന്റെ വീട്ടിൽ കയറി വന്നതു്, അതായതു തന്റെ പ്രിയ മാതാവിന്റെ മരണവാത്ത. തനിയ്ക്കതു സഹിക്കാൻ കഴിഞ്ഞില്ല. തന്റെ അമ്മയെ ഒരു നോക്കെങ്കിലും കാണാൻ സാധിച്ചില്ലല്ലോ എന്നോത്തു് അന്നു ഏറെ കരഞ്ഞു. മരണസമയത്തു തന്നെ കാണണമെന്നു് അമ്മ ആവശ്യപ്പെട്ടത്രേ! "അതൊഴിച്ചു്, അക്കാര്യമൊഴിച്ചു നിന്റെ മറെറന്താവശ്യവും ഞാൻ നിനക്കു നിറവേററിത്തരാം മീനാക്ഷി, നീ അതുമാത്രം — അതുമാത്രം എന്നോടാവശ്യപ്പെടരുതു്"

എന്നു് അമ്മാവൻ ഗദ്ഗദകണ്ഠനായി പറഞ്ഞു എന്നു കേട്ടു താൻ നടുങ്ങിപ്പോയി. അത്യന്തം ഹൃദയവേദനയോടെയായിരിക്കയില്ലേ ആ മാതാവിന്റെ അന്ത്യസ്പന്ദനങ്ങൾ അന്തരീക്ഷത്തിൽ അലിഞ്ഞുചേർന്നതു്. തുടർച്ചയായി വളരെ അകലെയല്ലാതെ ഒരു മരക്കൊമ്പിലിരുന്നു ഒരു കൂമൻ മൂളുന്ന ശബ്ദം കേട്ടു അവൾ ഭയപ്പെട്ടു. കൂമൻ മൂളുന്ന ശബ്ദം അവൾക്കു പണ്ടേ പേടിതോന്നിപ്പിക്കുന്ന ഒന്നായിരുന്നു. പ്രത്യേകിച്ചു ഏകാന്തമായ, കട്ടപിടിച്ച, ആ കൂരിരുട്ടുനിറഞ്ഞ രാത്രിയിൽ. യക്ഷികളെയും പ്രേതങ്ങളെയും കാണുമ്പോഴാണു കൂമൻ മൂളുന്നതെന്നു പണ്ടു മുത്തശ്ശി പറഞ്ഞിട്ടുള്ളതായിരുന്നു അവളുടെ ഭയത്തിനു കാരണം. പ്രായമായിട്ടും അവൾ അതു വിശ്വസിച്ചിരുന്നു.

ചിന്തകൾ വീണ്ടും അവളെ പൂർവ്വകാലത്തെക്കാനയിച്ചു. എവിടംവരെയാണു താൻ ചിന്തിച്ചു നിർത്തിയിരുന്നതു്. ഓ, അമ്മയുടെ മരണസംഭവം വരെ. അങ്ങിനെ തന്റെ അമ്മ മരിച്ചു. കാലചക്രം വീണ്ടും കറങ്ങിക്കൊണ്ടിരുന്നു. ബിന്ദുവിനു വേണ്ടി മാത്രം എന്നു പറയാം താൻ ജീവിച്ചു. അവളുടെ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാകാറായി. താരുണ്യം അവളിൽ ചിത്രപ്പണി നടത്തിക്കൊണ്ടു തന്റേതായ ഭാഗം അഭിനയിച്ചു. പ്രായമായി വരുന്തോറും ബിന്ദുവിൽ അടക്കവും ഒതുക്കവും ഇല്ലാതെ വരികയാണെന്നു തനിക്കു പലപ്പോഴും തോന്നിയിരുന്നു. താൻ എത്ര പറഞ്ഞാലും അവൾ അനുസരിക്കില്ല. ലാളിച്ചുവളർത്തിയിട്ടായിരിക്കാം അനുസരിക്കാൻ പ്രയാസം എന്നു് അന്നൊക്കെ വിചാരിച്ചു. എങ്കിലും തന്റെ മകൾ തന്നിൽനിന്നകലുന്നതുപോലെ പലപ്പോഴും തോന്നിയിരുന്നു. തനിക്കു പ്രായമായി, ഇനി അധികം നാൾ ജോലി ചെയ്യാൻ വയ്യ, ബിന്ദുവിനെ ഇനി ഒരു പുരുഷന്റെ കയ്യിലേല്പിക്കണം. അതുംകൂടി ചെയ്താൽ പിന്നെ തനിക്കു ചെയ്യാവുന്നതിൽ കൂടുതൽ അവൾക്കുവേണ്ടി ചെയ്തു എന്നു സമാധാനിക്കാം. അപ്പോൾ രവിയേട്ടന്റെ ആത്മാവും സന്തോഷിക്കില്ലേ? ബിന്ദുവിന്റെ വിവാഹം കഴിഞ്ഞാൽ പിന്നെ മരിക്കുന്നതുവരെ അവരുടെ ആശ്രയത്തിൽ കഴിയാമല്ലോ. ഇങ്ങിനെ ഇന്നലെ വരെ ഭാവിയെപ്പററി എത്ര നല്ല സ്വപ്നങ്ങളാണു താൻ മെനഞ്ഞെടുത്തിരുന്നതു്. അവയെല്ലാം ഒരൊററ നിമിഷങ്ങൾക്കുള്ളിൽ തകർന്നു തരിപ്പണമായില്ലേ? എന്താണു സംഭവിച്ചതു്?

ഒരു കൂട്ടുകാരിയുടെ വീട്ടിൽ പോയിരുന്ന ബിന്ദു വൈകുന്നേരമായിട്ടും തിരിച്ചുവന്നില്ല. ഇപ്പോൾ വരും, വരും എന്നു കരുതി താൻ എത്ര നേരം കാത്തിരുന്നു? സന്ധ്യമയങ്ങാറായി. ബിന്ദു വന്നില്ല. രാത്രിയായി, ബിന്ദു വന്നില്ല. അവൾക്കെന്തുപററി? അവൾ എവിടെയായിരിക്കും? ഇങ്ങിനെ വിവിധചിന്തകളാൽ തന്റെ ഹൃദയം തപ്തമായി. എങ്ങിനെയാണു് ആ രാവു് താൻ കഴിച്ചുകൂട്ടിയതു്? ഹാവൂ, ഓർക്കാൻകൂടി വയ്യ. പ്രഭാതം പൊട്ടിവിടർന്നതിനുശേഷം മാത്രമാണു് താൻ അറിയുന്നതു് ഇനി മകളെ പ്രതീക്ഷിക്കേണ്ടെന്നു്, തന്റെ മകൾ തന്നിൽനിന്നു് അകന്നുപോയി എന്നു്? എന്നെന്നേക്കുമായി തന്നെ ഉപേക്ഷിച്ചു്. ഇത്രയുംനാൾ താൻ തളർന്നില്ല. പക്ഷെ ഇതോടെ തളർന്നുപോയി. തന്റെ മകൾ അപരാധം പ്രവർത്തിച്ചിട്ടുണ്ടോ? ഇല്ല. താൻ മകളെ കുററപ്പെടുത്തുകയില്ല. വർഷങ്ങൾക്കുമുൻപു് ഒരു മീനാക്ഷിയമ്മ അനുഭവിച്ച അതേ ഹൃദയവേദനയല്ലേ താൻ ഇന്നനുഭവിക്കുന്നതു്? ബിന്ദു തന്റെ മകളാണു്. താൻ ചെയ്തതു തന്റെ മകൾ ആവർത്തിച്ചു. അതു തെററാണോ?

"എങ്കിലും, ബിന്ദൂ നീ എയ്ത ഈ ശരം നിന്റെ അമ്മയുടെ നെഞ്ചിൽ ഉഗ്രമായ ഊക്കോടെ തറച്ചു, ഹൃദയത്തെ പിളർന്നുകൊണ്ടു് ആത്മാവിന്റെ അടിത്തട്ടോളം പാഞ്ഞുചെന്നു എന്നു് നീ അറിയുന്നുണ്ടോ?"

അജ്ഞാതവും അനന്തവുമായ വിദൂരതയിൽ നിന്നു് ഒരു രാക്കിളിയുടെ ശോകാത്മകമായ ആലാപം നേർത്തുനേർത്തു സ്വരതരംഗങ്ങളെ അവിടെയാകമാനം സംക്രമിപ്പിച്ചുകൊണ്ടു് അന്തരീക്ഷത്തിൽ അലിഞ്ഞുചേർന്നു.

# THE UMBRELLA

P. K. Abdussamad, III B. Sc.

I took my umbrella in my hand and opened it. As soon as I opened it, cockroaches began to scramble all over the umbrella. Some of them found their way easily downwards inside my vest and sheltered there. Some others found that my nose and ear were not wide enough for them. I closed my mouth firmly.

All this occurred in the heart of the bazaar. Everybody laughed at my comic picture. Soon came comments from either side of the road. "Look! look! at the glass of fashion" one exclaimed and others burst into laughter. The echo of that woke up the men on the other side and I heard one of them aying: "an innovation in the world of umbrellas." Another sophisticated man commened: "shame shame!" Some others also made austic remarks as if they were the salt of the arth. But I did not mind.

In fact I could not make out the why or wherefore of these street comments and laugher. Putting on airs I walked along the road, or now I have an umbrella. After a little while hen I looked back I found a procession of rchins following me. They enjoyed the sight ery much and and were chanting songs. I was great distress. Everything went aganist my pectation. I had fancied that every body ould look at me enviously when I went throh the bazaar with an open umbrella. In my nd's eye I had imagined myself taking enge on those who did not take me under irs when it was raining.

Thus I proceeded on, my destination being college. The college road was almost deserted. There I tried to investigate the cause of their laughter. At first I thought it was due to my carrying an umbrella on such a beautiful sunny day. I admit that carrying an umbrella is inconvenient and rather foolish on such a day. I had experienced it. The bus conductor didnot let me in because I had an umbrella with me. Suddenly one cockroach scurried on to my raised hand and I looked up to knock it out. Then I got the crux of the matter. Ah! It was really funny. My umbrella, no, so-called umbrella was weatherbeaten battered and shattered. It looked like a perforated ladle which could be used conveniently in a bakery for transfering loaves from oil. Sunlight drew as many point circles, on my body, as the number of holes in it. Its ribs were rusty and rustic. Its wooden stem had enough holes in it to hide thousands of bugs, and indeed it did, Its cloth was composed of many-many square and rounded pieces, each stitched to it by different repairers.

The sight of it was enough for me. I closed it immediately before anybody could make me a fool again. I hung it again from my collar, not as in the same mood as I had done it before. Formerly it was a form and fashion. This time to hide it from those who came against me. I had repeatedly asked my father to buy a new one. Always his response was the same "I have noted one in the Rani Umbrella Mart Calicut. We can buy it after plucking the coconuts and selling the copra. When I pressed the need of a watch his answer was the same, the only difference being that,

"we can buy it when I go to sell pepper." many a time copra and pepper were sold, but umbrella, watch and the like remained in the same old shops waiting for better customers. So even such an umbrella was of interest to me.

When I arrived at the college premises my friends stiffly criticised me for taking the umbrella. It was not unexpected. Everybody had reached my class on the tick. I was the last to enter. When I took my umbrella to place it in a safe corner my classmates shouted in high pitch "kuchela, kuchela . . .", began to hoot and howl and struck their palms on the desks. Poor desks! I felt sorry for them. My class-mates called me a country high school chap. The appearance of the punctual lecturer put an end to every thing.

The lecturer directly passed on to prove D'Morgan and Bertrand's First test. Within five minutes the board was fully covered with chains of a, b, c, . . . x, y, z. . . and so on connected together with plus and minus signs. Even though we were discussing infinite series the surface area of the blackboard came to an end. He stretched his hand back to take the duster to erase the upper parts of the board. But there was no duster. Of course he hadn't brought it with him. He looked around in search of waste paper. But there was none. Finally his eyes — cunning they are — reached the corner where I had placed my umbrella. He was consoled to see the "umbrella-duster" there. An expression of ease and satisfaction prompted him to a crooked smile. He wasted not even a single minute then. He handled my umbrella and began to make space to complete the proof. Yes, it was the tainted wether of the flock!

As he rubbed on, a cockroach inside was irritated and came out. It made some searching passes here and there on our lecturer's sweet tender body and then conveniently slipped into his mouth. He snorted violently and carted it out. He left the class room and the attender after a few minutes came to inform us that we were free during that hour. Every body rejoiced at it and celebrated the freedom with hoots and howls. Everybody except the ladies praised me for my service. The ladies did not know whether to laugh or weep. But none of my friends, though they were brave enough to tame any termagant dared examine my umbrella and let the cat out of the bag! The cat was in the bag and not in the umbrella, if it were so we hadn't any chance to see our lecturer stop.

The facecut of the day was bruised. Her glistening smile gradually glided away. Towards 3 o'clock she turned more splenetic. Jupiter lost his temper in the heavens and thunderbolts rolled on. The overbright sun could not be visualised anywhere in the skies. It was hard to say whether it was night or day. Through the window bars we could see the incandescent lamp burning in our principal's room. Everybody else was in utter darkness. To light our path, nature provided flashing electric sparks intermittently. We stopped to discuss homographic properties and perspectivity of ranges and pencils. Everybody availed himself of this opportunity to 'soap' me and reserve my umbrella. I turned a deaf ear to them all.

Soon it began to drizzle. Heavy and plump droplets came first as a warning. They charged their shape to long sharp needles. Presently it rained cats and dogs. Water came down in buckets. The tiled roof of the college building produced long and never-ending pattering sounds.

The last bell resounded in time as usual. I could not see the usual haste and rush at the door. Everybody oozed out of the class. I was the last to enter, so was I the last to go out. I took my umbrella with pride and power. Now it was as grey as an octogenarian's head. I came to the verandha like a soldier marching to the battlefield with his weapons. Students were standing beside the parapet wall. They had only pocket edition books with them nothing more. Everybody found my rotten umbrella but none dared to make fun at me. Now it was really something valuable. Fair weather friends surrounded me and o[illegible]

humbly requested: "will you please "drop" me near the hostel? A second one implored: "May I also come with you to the bus-stand?" A third one was highly formal in his request: "Happy to meet you! are we not going now?". I moved on as if I hadn't heard any one. The latest fashion in modern life among college students is never to take an umbrella even though they have more than one and reach and return somehow.

I came to the porch of the main building. I found my lecturer, who found the advantage of such an umbrella, standing there in gloom and repentance. He tried to smile when he saw me. I understood the meaning of that smile and hence did not return it. I opened my umbrella and started home directly. The grey part of it seemed to laugh at the lecturer meekly, who was standing there as silent as a statue.

The bus stand was quite deserted. The dark metalled road was resting in silence. Rain gathered momentum. Rain soaked and drenched me completely except my head. Rain played rhythms and danced on my umbrella, which could not bear it. It rattled like a bullock-cart. I imagined that I was the young but a modern Ulysses striving hard to explore the whole universe. I recited Tennyson out of my memory without a single mistake.

"..............................................................

Through scudding drifts the rainy Hyades
Vexed the dim sea; ..................................

..............................................................

That ever with a frolic welcome took
The thunder and the sunshine,.......................

..............................................................

Made weak by time and fate, but strong in will
To strive to seek, to find and not to yield".

By this time I set foot on an empire of field over which the sun never rose — Water was far above the mud walls. Is history repeating? The sky was growing darker and darker. To complete the picture terrific wind also came into action. Storm lifted the umbrella up in the sky. I did not lose my grasp. I was also going up and up. If I had taken one friend with me, I thought. I screamed in alarm and shouted for help. Suddenly I was coming down with the parabola in my hands. On my way downwards. I found my umbrella going still high, never to return. I plonked into water with a splash.

Presently I was on my hips sitting astride on the mudwall. Birds were returning to their nests after their day's fair. Then I heard the Mulla in the mosque calling people for prayer. I was in utter chaos. I could not make out whether it was dawn or dusk. Bitter cold and a mystic silence prevailed all over the region. But the twinkling lamps on either banks of the village helped me in my judgment that it was dusk.

The water in the brook was coloured blood-red. Storm had nearly come to an end. Rain continued. My books were in water. When I opened them there was not even a single imprint of Leibnitz formula or of any thing my hands had tried there. However I decided to use them for another long year. Now how shall I return home without the umbrella and face my father? I was in hot waters. Coldness left me. Beads of perspiration appeared on my brow. That umbrella had come to my father as an heir-loom. It had come from my five and twentieth grand father each of them handed it to their son to use it in their wedding procession to their brides'. My father had used it twice and was keeping it on the attic to hand on to his son.

This morning, mother prompted me to take it even though father said it augured ill. Her intutive knowledge might have told her it would rain that afternoon. Ignoring his Do's and Dont's I hung it on my collar, and like a Sultan newly got into power went to the college with a new outlook on life. Unknowingly my eyes were directed to heaven for help from Providence. The historic umbrella might have now reached my greatest grandfather. I was then delighted to see a new umbrella, not open yet, descending from the heavens. I adjusted my position and received it in high

reverence and awe. My hands were trembling when I opened it. Inside it, I noticed an artistic inscription : "for the young and modern Ulysses".

To my surprise I did not know how I reached home. My father was waiting for me on the threshold, with great suspense and bewilderment, ready to go for shopping. He wanted the umbrella. He had a close look at the umbrella. Then he glanced at me and finally his eyes turned directly at the top of the coconut trees.

# WE AGREED TO DISAGREE

Babu Antonio George, III B. A.

*Is not marriage an open question, when it is alleged from the beginning of the world that such as are in the institution wish to get out; and such as are out wish to get in.*

— Emerson.

I used to be sorry to hear of divorces, not any more though. As a child I was taught that man and wife were but one flesh and cannot be parted. First, there was to be a union

And I was thinking of such a thing. Scout was more beautiful than I could write ; I could paint. If the young man in me loved her, it was not my fault. I could enjoy the sight of her only occasionally. So I painted her portrait and kept it in my bed-room with an ardent hope of bringing her into my bed-room in flesh and blood. Every morning I looked at her portrait and smiled at it and every night I kissed it good night before I retired. She came to see another of my paintings, and though pleased at heart (she confessed this later), she spat on it and spoke insultingly of me.

"A painter he is ! And so he thinks !" When this was reported to me, I felt that I had lost all my vital force to keep me alive. That night when, as usual, I kissed her portrait, I wept — grown up boys were not supposed to cry. Her face got more deeply impressed on my heart then. No amount of weeping wiped away the pain she so cruelly had presented.

When we met again, I never said a word about it. But she looked troubled. I suddenly discovered that I had not ceased to love her. From then on, I kept on thinking of her coming to me and breaking in tears in the most ardent love.

This did happen. I could hardly call her name then. I felt a lump in my throat and all I could say was :

"Why did you not tell me earlier ?" She then accused me echoing my own words and I loved to hear it. So when she became my wife, I did not know which to kiss first—either her lips or her portrait. At last, I kissed her portrait first. A shadow of disappointment spread over her face, for she had failed in the contest. I loved it because she looked excitingly beautiful then. We considered ourselves the ideal couple and every day's experience proved that we were right. I did not remove the portrait eventhough it had done its office.

Bad luck should have started as I painted the portrait of the charming wife of an influential friend. The portrait, they said, was a very great success. This was a turning point in my life. Soon I got invitations from a couple of dignitaries to paint portraits. I was not a professional painter, but thought soon I was

going to be one. Painting took up a lot of time and I would run to my wife sometimes, brush in my hand, to claim a kiss. I was not to forget her. One day she said when I kissed her :

"Tony, you are very happy. Is the painting a hit ?" I lost all my joy, but showed no sign of it.

I became a popular, dignified and busy painter. And as I came to be widely appreciated, I noticed that I was less appreciated by my wife. She showed a distaste for parties. So I would rush back to my wife soon, to find her reading books. Disappointed, I would wait for her in my room.

Occasionally I had to leave her to go for painting. After every such short departure, I would find her gaining more seriousness about her. I would expect a smiling face of Scout to receive me. I inquired every time whether she was ill. But she was not. One day I found a pencil-sketch on her table in a scrap. A man's figure with hairs standing on ends suggesting a brush and two partly naked girls kissing his face, all clumsily done below her big undecipherable signature. I was slightly shocked to see that. Another day she burned a world famous novel by Alberto Moravia. Other books followed it. She seemed to hate Moravia; she burned all his books in my library. And all I did for that was kiss her. Because with all my knowledge of Freud I knew what she meant. I stopped going out for painting for a while, and kept her company. Once in the darkness of my bed-room, I heard her insist on not having a child. I had always been careful not to restrict my young wife's freedom by making her a mother. It was strange for her to say that that night. The next day she showed much abnormality.

The return of my wife from the mental hospital wiped away from me the last trace of love. The very first day she spat on my painting. I knew she meant a going back. Miss Scout once again. She was erasing from her life a long period with an inconceivable forgetfulness, a malady germinated from self-torment. I was assured that she was mentally all right and healthy. I remember her insisting on not having a child. It was then that I understood that she meant to have no child at all and not no child 'now'..... This is my version of the story. Was it Scout that was my wife ?

I used to be sorry to hear of divorces, not anymore though.